

# Trichur Archdiocesan Bulletin


ജൂലൈ 2020
വാല്യം: 87 ലക്കം: 07
ESTD:1934



ദാനിയേൽ 6 : 16 – 20 (ദാനിയേൽ സിംഹക്കുഴിയിൽനിന്ന് രക്ഷപ്പെടുന്നു)

TAB


അഭിവന്ദ്യ
മാർ ടോണി നീലങ്കാവിൽ
പിതാവിന്
ജന്മദിനാശംസകൾ
ജൂലൈ 23



Trichur Archdiocesan Bulletin TAB

ESTD:1934

**ജൂലൈ 2020**

ലക്കം: 7 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| ഇടയലേഖനം | 4 |
| സർക്കുലർ | 12 |
| കച്ചേരിക്കാര്യം | 25 |
| നാമകരണ നടപടികൾ | 30 |
| സാമ്പത്തിക കാര്യാലയം | 34 |
| നാളാഗമം | 39 |
| വൈദികർ | 42 |
| സന്യസ്തർ | 45 |
| പാലയൂർ തീർത്ഥകേന്ദ്രം | 48 |
| വിശ്വാസപരിശീലനം | 50 |
| സ്ഥാപനങ്ങൾ | 60 |
| സംഘടനകൾ | 64 |

Prot. No. 0714/2020

# ഇടയലേഖനം

# സഭാദിനം


**ജൂലൈ 3, 2020**

**കർദിനാൾ**

**മാർ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ

മേജർ ആർച്ചുബിഷപ്പ്



**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാതിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിന മായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാതോമാ ശ്ലീഹായുടെ വിശ്വാസപ്രഖ്യാ

പനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', 'ദൈവമേ' എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനു സമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം, 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി.പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസ സമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും

പല തലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനെ പുതിയ നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാമക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയ ചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാ സംവിധാനങ്ങളും ആവശ്യത്തിൽ കവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യ സ്പർശംകൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡു കാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ

സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണഗതിയിലാക്കി ക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണപ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാ ബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്ന തിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധി ക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂ ഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗവ്യാപന നിയന്ത്രണത്തിനുവേണ്ട മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെ

ങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാലയങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡുകാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ബദ്ധശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസ വിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരി മരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യമാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ

ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം.പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ–കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേണ്ടത് ലോകജനതയുടെ സംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പ് പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുക

യാണ്. കേരളത്തിൽ ഉൽപദിപ്പിക്കുന്നവകൊണ്ടുതന്നെ നമുക്ക് ഭക്ഷിക്കാൻ വേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുക ളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരി ശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരു. അതോ ടൊപ്പം, കേന്ദ്ര–സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമന പ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യരാജ്യമെന്ന നിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതി പരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനഃ സാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധി പത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തി പരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാ വിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനു മായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ

പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി!ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹ പൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**


സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാംതീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

1024/2020 C- 8
13.06.2020

# സർക്കുലർ



പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

കോവിഡ് –19 മഹാമാരിയുടെ വ്യാപനം വർദ്ധിക്കുന്ന ഒരു സാഹചര്യമാണ് നമുക്ക് ഇന്നുള്ളത്. അതിനാൽ രോഗബാധയിൽ നിന്ന് വിമുക്തി നേടുന്നതിനുവേണ്ടി നമ്മൾ നിരന്തരം പ്രാർത്ഥിക്കേണ്ടതാണ്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ നേരത്തെ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും വളരെ കാര്യഗൗരവത്തോടെ നമ്മൾ പെരുമാറുകയും വേണം. ആരാധനാലയങ്ങൾ തുറക്കാമെന്ന് സർക്കാർ നിർദ്ദേശങ്ങൾ നിലവിലുള്ളപ്പോൾ containment zone–ൽ ഉള്ള സ്ഥലങ്ങളിൽ പള്ളികൾ തുറക്കരുത്. കോവിഡ് –19 വ്യാപന സാധ്യതയുള്ള സ്ഥലങ്ങളിൽ പൊതുജനത്തെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിശുദ്ധ കുർബ്ബാന ഒഴിവാക്കേണ്ടതാണ്.

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

കോവിഡ് –19 രോഗംമൂലം ആരെങ്കിലും മരിക്കുവാൻ ഇടയായാൽ അവരുടെ മൃതസംസ്കാരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. കോവിഡ് –19 രോഗം മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാര കർമ്മങ്ങൾ നടത്തുമ്പോൾ സർക്കാർ, ആരോഗ്യവകുപ്പ്, പോലിസ് എന്നിവരുടെ നിർദ്ദേശങ്ങളും മുൻകരുതലുകളും കൃത്യമായി പാലിക്കേണ്ടതാണ്.
2. മൃതദേഹം മറവ്ചെയ്യുമ്പോൾ സിമിത്തേരിയിൽ സ്ഥലമുണ്ടെങ്കിൽ അവിടെ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്കനുസൃതമായ രീതിയുള്ള കുഴി എടുത്ത് മൃതദേഹം സംസ്കരിക്കുകയാണ് വേണ്ടത്.
3. സിമിത്തേരിയിൽ സ്ഥലമില്ലാത്തപക്ഷം ഇടവകപള്ളിയിലെ പറമ്പിൽ സൗകര്യമുള്ള സ്ഥലമുണ്ടെങ്കിൽ, അധികാരികളുടെ നിർദ്ദേശങ്ങൾ പാലിച്ച്, ആ സ്ഥലത്ത് മൃതദ്ദേഹം സംസ്കരിക്കാവുന്നതാണ്. ഇങ്ങനെ സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ ഭൗതിക അവശിഷ്ടങ്ങൾ ഒരു നിശ്ചിത കാലഘട്ടത്തിനുശേഷം (ഉദാ. രണ്ടുവർഷം) എടുത്ത് സിമിത്തേരിക്കുള്ളിൽ സ്ഥിരം കല്ലറകളുള്ളവരാണെങ്കിൽ അതിലേയ്ക്കോ അല്ലെങ്കിൽ പൊതുവെ ചെയ്യുന്ന രീതിയനുസരിച്ച് ഭൗതിക അവശിഷ്ടങ്ങൾ അടക്കംചെയ്യുന്ന സ്ഥലത്തേയ്ക്കോ മാറ്റേണ്ടതാണ്.
4. മേല്പ്പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് മൃതദേഹം സംസ്കരിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ, ഇപ്പോൾ നിലനില്ക്കുന്ന സഹചര്യത്തിൽ, സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരം മറ്റൊരു പള്ളിയുടെ സിമിത്തേരിയിലോ അതിനും സാധ്യമല്ലാത്ത സാഹചര്യത്തിൽ മൃതദേഹം വീട്ടുവളപ്പിലോ സംസ്കരിക്കുന്നതിന് തടസ്സമില്ലാത്തതാണ്. ഈ കോവിഡ് 19–ന്റെ പശ്ചാത്തലത്തിൽ മാത്രമാണ് ഇത് അനുവദിക്കുന്നത്. ഇങ്ങനെ സംസ്കരിക്കുന്ന മൃതദേഹത്തിന്റെ ഭൗതികാവശിഷ്ടം രണ്ടുവർഷത്തിനുള്ളിൽ പള്ളി സിമിത്തേരിയിൽ അടക്കം ചെയ്യാവുന്നതാണ്.

5. ഇപ്പോൾ ഉള്ള സഹചര്യം പരിഗണിച്ച് ബന്ധുക്കളുടെ സമ്മതത്തോടെ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി മൃതദേഹം ദഹിപ്പിക്കുന്നതിന് അനുവദിക്കാവുന്നതാണ്. ഇങ്ങനെ ദഹിപ്പിക്കുന്ന മൃതദേഹങ്ങളുടെ ഭൗതികാവശിഷ്ടം (ഭസ്മം) പള്ളി സിമിത്തേരിയിലാണ് അടക്കം ചെയ്യേണ്ടത്.

6. മൃതദേഹം ദഹിപ്പിക്കുന്നതിനെ സംബന്ധിച്ച് കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥത്തിൽ 2301 ഖണ്ഡികയിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിൽ സംശയം പ്രകടിപ്പിക്കുന്നില്ലെങ്കിൽ ശവദാഹം അനുവദിക്കുന്നു. സഭാനിയമവും ഇത് അനുവദിക്കുന്നുണ്ട്: "തങ്ങളുടെ ശരീരം ദഹിപ്പിക്കണമെന്ന് തീരുമാനമെടുത്തവർ ക്രിസ്തീയ ജീവിതത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അങ്ങനെ ചെയ്തതെങ്കിൽ സഭാപരമായ മൃതസംസ്കാരം നൽകേണ്ടതാണ്. എങ്കിലും ദഹിപ്പിക്കുന്നതിനേക്കാൾ സംസ്കരിക്കുന്നതിനാണ് സഭ കൂടുതൽ മുൻഗണന കൊടുക്കുന്നതെന്ന് മൃതസംസ്കാരശുശ്രൂഷയിൽ വ്യക്തമാക്കേണ്ടതും ഉതപ്പ് ഒഴിവാക്കേണ്ടതുമാണ്" (CCEO. 876§3). ലത്തീൻസഭാനിയമത്തിലും ശവദാഹം അനുവദിക്കുന്നുണ്ട് (CIC. c. 1176§3). കോവിഡ് –19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ശവദാഹം കൂടുതൽ പ്രായോഗികമാണ്; അനുവദനീയവുമാണ്.

7. ഈ നല്കിയ നിർദ്ദേശങ്ങൾ എല്ലാംതന്നെ കോവിഡ് പശ്ചാത്തലത്തിലുള്ളതും, ഓരോ ഇടവകയുടെയും പ്രത്യേക സാഹചര്യം പരിഗണിച്ചുകൊണ്ട് ഏറ്റവും അനുയോജ്യമായ രീതിയിലുമായിരിക്കണം നിർവ്വഹിക്കേണ്ടത്.

8. ഈ നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ഇടവക ജനങ്ങളെ അറിയിക്കുകയും നമ്മുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിച്ച് ജീവിക്കുന്നതോടൊപ്പം ആത്മസംയമനം പാലിച്ചു പെരുമാറണമെന്ന് ഉപദേശിക്കുകയും ചെയ്യുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.




**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

993/2020 C- 7
06.06.2020

# സർക്കുലർ


മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

ജൂൺ 8 ന് ചേർന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ വി. കുർബാനയർപ്പണത്തെക്കുറിച്ചുള്ള കൂടുതൽ വിശദീകരണങ്ങൾ താഴെ നൽകുന്നു.

1. കോവിഡ് വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ, ജൂൺ 9 മുതൽ ദൈവാലയങ്ങളിൽ വി. ബലിയർപ്പിക്കുമ്പോൾ കേന്ദ്ര – സംസ്ഥാന സർക്കാരു കളും ജൂൺ ആറിന് അതിരൂപതയും നൽകിയ മുൻകരുതലുകൾ കൃത്യമായി പാലിക്കേണ്ടതാണ്.
2. കോവിഡ് വ്യാപനം ഉള്ളതെന്ന് സംശയിക്കുന്ന മേഖലകളിൽ (ഹോട്ട് സ്പോട്ട്, കണ്ടെയിൻമെന്റ്) പള്ളികൾ തുറക്കാതിരിക്കാൻ ശ്രദ്ധിക്കണം.

3. ഓരോ ഇടവക അതിർത്തിയി ലെയും കോവിഡ് വ്യാപനത്തിന്റെ അവസ്ഥകൾ കൈക്കാരൻമാരോടും സാധിക്കുമെങ്കിൽ കുടുംബകൂട്ടായ്മ പ്രസിഡണ്ടുമാരോടും ആലോചിച്ച്, വിലയിരുത്തി അതത് വികാരിമാർക്ക് വി. കുർബാനക്ക് വിശ്വാസികളെ പങ്കെടുപ്പിക്കണമോ വേണ്ടയോ എന്നും പങ്കെടുപ്പിക്കുന്നവരുടെ സംഖ്യ പൊതു നിർദ്ദേശത്തിന് വിധേയമായി ആകെ എത്രയായിരിക്കണമെന്നും തീരുമാനിക്കാവുന്നതാണ്.
4. കോവിഡ് സാഹചര്യങ്ങൾ പ്രവചനാതീതമായി തുടരുന്നതിനാൽ, സർക്കാരിൽ നിന്നും സഭാനേതൃത്വത്തിൽ നിന്നും തുടർന്നും നിർദ്ദേശങ്ങൾ ലഭിക്കുവാനിടയുണ്ട്. അവ ലഭിക്കുന്നതനുസരിച്ച് പിന്നീട് വിശദീകരണങ്ങൾ നൽകുന്നതാണ്.


മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

992/2020 C- 6
06.06.2020

# സർക്കുലർ

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത



സ്നേഹ ബഹു. വൈദികരെ, സമർപ്പിതരെ, സഹോദരീസഹോദരന്മാരെ,

കോവിഡ് 19 മഹാമാരി നമ്മുടെ രാജത്തും വ്യാപിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഈ രോഗബാധയിൽനിന്ന് ലോകത്തെ രക്ഷിക്കുവാൻ നാം തീവ്രമായി പ്രാർത്ഥിക്കേണ്ടതാണ്. രോഗികൾ വർദ്ധിച്ചുവരുന്നതിന്റെ ഭീതിയിലും ആശങ്കയിലുമായ നാം വളരെയേറെ ജാഗ്രതയോടും അതിലേറെ വിവേകത്തോടും കൂടെ വർത്തിക്കേണ്ടതാണ്. കോവിഡ് 19 വ്യാപനത്തോടനുബന്ധിച്ച് ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ നിബന്ധനകൾക്ക് ഇളവ് നല്കി ജൂൺ 9 മുതൽ ആരാധനാലയങ്ങൾ തുറക്കാമെന്നും നിബന്ധനകളോടെ ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കാമെന്നും കേന്ദ്ര– സംസ്ഥാന സർക്കാരുകൾ ഉത്തരവ് നല്കിയിട്ടുണ്ട്. ഏതാനും ചില പ്രായോഗിക കാര്യങ്ങളെക്കുറിച്ച് ഇനിയും വ്യക്തത ലഭിക്കേണ്ടതുണ്ട്. ഇതുവരെ ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ

ദൈവാലയങ്ങളിലെ തിരുക്കർമ്മങ്ങളെക്കുറിച്ച് താഴെ പറയുന്ന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നൽകിയ നിബന്ധനകൾ ഏവരും കൃത്യമായി പാലിക്കേണ്ടതാണ്.
2 സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ജൂൺ 9ന് മുമ്പായി പള്ളിയും പരിസരവും അണുവിമുക്തമാക്കാനും ശുചിത്വം ഉറപ്പുവരുത്തുവാനും ഏവരും ശ്രദ്ധിക്കേണ്ടതാണ്.
3. ദൈവാലയത്തിനുമുമ്പിൽ പ്രവേശന വ്യവസ്ഥകളടങ്ങിയ ഒരു നോട്ടീസും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്വീകരിക്കേണ്ട ജാഗ്രതയെക്കുറിച്ചുമുള്ള ബോർഡും പരസ്യമായി സ്ഥാപിക്കണം.
4. വി. കുർബാനക്കും മറ്റു തിരുക്കർമ്മങ്ങൾക്കും പങ്കെടുക്കാവുന്നരുടെ എണ്ണം സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശം കൃത്യമായി പാലിക്കണം. വ്യക്തികൾ തമ്മിൽ 6 അടി അകലം പാലിക്കുന്ന രീതിയിൽ, സാധിക്കുമെങ്കിൽ സ്ഥലം അടയാളപ്പെടുത്തി, ക്രമീകരിക്കേണ്ടതാണ്. എത്ര വലിയ ദേവാലയമാണെങ്കിലും പരമാവധി നൂറുപേരെ മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളൂ.
5. കേന്ദ്രസർക്കാർ നിബന്ധനയിൽ പറയുന്നതുപോലെ, 65 വയസ്സിനു മുകളിലുള്ളവരും 10 വയസ്സിനു താഴെയുള്ളവരും ഗർഭിണികളും പള്ളിയിൽ വരുന്നത് ഒഴിവാക്കേണ്ടതാണ് (They "are advised to stay at home"). രോഗലക്ഷണങ്ങളുള്ളവരും മറ്റ് രോഗങ്ങളുള്ളവരും ഒരു കാരണവശാലും ദൈവാലയത്തിൽ പ്രവേശിക്കരുത്. (ഈ കാലയളവിൽ കുർബാനയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർക്കുവേണ്ടി അതിരൂപത കേന്ദ്രത്തിൽ നിന്നും ഓൺലൈൻ കുർബാന പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്.) തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതിനിടയിൽ കോവിഡ് രോഗലക്ഷണങ്ങളുണ്ടെന്ന് മനസ്സിലായാൽ, അവരെ പ്രത്യേകം പരിചരിക്കുന്നതിനും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും സംവിധാനങ്ങളുണ്ടാക്കേണ്ടതാണ്.
6. ഓരോ തിരുക്കർമ്മത്തിലും ആരൊക്കെ സംബന്ധിക്കണമെന്നതിനെക്കുറിച്ച് മുൻകൂട്ടി ധാരണ ഉണ്ടാക്കേണ്ടതാണ്. കുടുംബകൂട്ടായ്മ അടിസ്ഥാനമാക്കിയുള്ള ക്രമീകരണം ഏറെ അഭികാമ്യമാണ്. ഇടവകയ്ക്ക് പുറത്തുനിന്നുള്ളവരെയും, പ്രത്യേകിച്ച് ഹോട്ട്സ്പോട്ടുകളിൽ നിന്നുള്ളവരെയും ഒഴിവാക്കുന്നത് വിവേകമായിരിക്കും.
7. ഓരോതവണയും ദേവാലയത്തിൽ പ്രവേശിക്കുന്നവരുടെ പേരുവിവരങ്ങൾ എഴുതിസൂക്ഷിക്കുവാൻ രജിസ്റ്റർ ഉണ്ടാകേണ്ടതാണ്. ഇത് കൈകാര്യം ചെയ്യാൻ ഒരു വ്യക്തിയെ ചുമതലപ്പെടുത്തേണ്ടതാണ്.
8. പള്ളിയിൽ പ്രവേശിക്കുന്നതിനു മുമ്പ് കൈകാലുകൾ വൃത്തിയാക്കുകയും സാനിറ്റൈസർ ഉപയോഗിക്കുകയും ചെരുപ്പുകൾ നിശ്ചിത

അകലത്തിൽ പള്ളിക്ക് പുറത്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. വി. കുർബാനക്കായി പള്ളിയിൽ പ്രവേശിക്കുന്നവർ ഒരു വാതിലിലൂടെ നിശ്ചിത അകലം പാലിച്ച് അകത്തു പ്രവേശിക്കുകയും വി. ബലിക്കുശേഷം മറ്റൊരു വാതിലിലൂടെ പുറത്തു പോകുകയും ചെയ്യേണ്ടതാണ്.

9. പള്ളിയിലേക്ക് വരുന്ന എല്ലാവരും നിർബന്ധമായും മുഴുവൻസമയവും മാസ്ക് ഉപയോഗിക്കേണ്ടതാണ്. തിരുസ്വരൂപങ്ങൾ ചുംബിക്കുവാനോ ഹന്നാൻ വെള്ളം ഉപയോഗിക്കുവാനോ പാടുള്ളതല്ല. ഗാനങ്ങളാലപിക്കുവാൻ നേതൃത്വം കൊടുക്കുന്നത് ഒന്നോ രണ്ടോ പേർ മാത്രമായി ചുരുക്കുകയും നിശ്ചിത അകലം പാലിക്കുകയും ചെയ്യേണ്ടതാണ്.
10. ഇടവകയിലെ വീടുകളുടെ എണ്ണമനുസരിച്ച് ബഹു. വികാരിയച്ചന് ആവശ്യാനുസരണം വി. കുർബാനകളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ, ഓരോ വി. ബലിക്കു ശേഷം പള്ളിയിൽ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്. അതിനാവശ്യമായ ഇടവേള ഓരോ കുർബാനക്കുശേഷവും ഉണ്ടാകേണ്ടതാണ്.
11. കൂദാശാ പരികർമ്മങ്ങളിൽ സാധാരണ നിലയിൽ സ്പർശനങ്ങൾ ഉണ്ടാകാൻ പാടില്ല.
12. വിവാഹം, മൃതസംസ്കാരം, ഒപ്പീസ് തുടങ്ങിയവക്ക് നേരത്തെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിവാഹ പരസ്യങ്ങൾ അതിരൂപത നിയമാവലി അനുസരിച്ച് (അതിരൂപത നിയമാവലി 278, ങ്ങ3, ങ്ങ4) നടത്തേണ്ടതാണ്.
13. പൊതുയോഗങ്ങൾ, കുടുംബകൂട്ടായ്മകൾ, ആഘോഷമായ തിരുനാളുകൾ, ഊട്ടുസദ്യകൾ, മറ്റ് ആഘോഷപരിപാടികൾ തുടങ്ങിയവ ഒഴിവാക്കേണ്ടതാണ്.

പ്രിയ സഹോദരരേ, കോവിഡ് മഹാമാരിയിൽ നിന്നും വിമുക്തി നേടുവാൻ നമ്മുടെ പ്രാർത്ഥനകൾ തുടരേണ്ടതാണ്. കർത്താവിന്റെ കരുണക്കായി വിളിച്ചപേക്ഷിക്കുകയും രോഗികളായി കഴിയുന്നവരോടും സാമ്പത്തികമായി ഞെരുക്കം അനുഭവിക്കുന്നവരോടും സഹാനുഭൂതിയോടെ പെരുമാറുകയും ചെയ്യാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഇസ്രായേൽ ജനതയെ മഹാമാരിയിൽ നിന്നും സംരക്ഷിച്ച നല്ല തമ്പുരാന്റെ സംരക്ഷണം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ.

പ്രാർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,


**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

830/2020 C- 5
25.04.2020

# സർക്കുലർ

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത



ഈശോയിൽ പ്രിയപ്പെട്ട ബഹു. വൈദികരേ, സന്യസ്തരേ, വാത്സല്യ മക്കളേ,

ഉത്ഥിതനായ യേശുനാഥൻ വാഗ്ദാനം ചെയ്ത സമാധാനവും പ്രത്യാശയും ഏവർക്കും ആശംസിക്കുന്നു. കോവിഡ് 19 മഹാമാരി വരുത്തിയിട്ടുള്ള വേദനാജനകമായ ജീവിത സാഹചര്യങ്ങളിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ പരിശുദ്ധഅമ്മയുടെ വാത്സല്യമുള്ള ഹൃദയത്തോട് ചേർന്ന് നമുക്ക് ദൈവജനത്തിന്റെ ആകുലതകളെ നോക്കികാണാൻ പരിശ്രമിക്കാം.

നമ്മുടെ അജപാലന നേതൃത്വത്തിലുള്ളവർ ഇക്കാലഘട്ടത്തിൽ കാഴ്ചവച്ച ക്രിയാത്മകമായ അജപാലന പ്രവർത്തനങ്ങളെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. നമ്മുടെ വൈദികർ, കൈക്കാരന്മാർ, സമർപ്പിതർ, വിശ്വാസപരിശീലകർ, സംഘടനാ ഭാരവാഹികൾ,

കുടുംബകൂട്ടായ്മ ഭാരവാഹികൾ, സ്ഥാപനാധികാരികൾ തുടങ്ങിയ വരുടെ നേതൃത്വത്തിൽ, വിവിധ മാധ്യമങ്ങളിലൂടെ വി. കുർബാന സംലഭ്യമാക്കാനും, ആരാധന, കുരിശിന്റെ വഴി, വി. ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള സന്ദേശങ്ങൾ, ക്വിസ് പരിപാടികൾ, പഠനങ്ങൾ തുടങ്ങിയവയിലൂടെ നമ്മുടെ ദൈവജനത്തിന് ആത്മീയപരിപോഷണം നൽകുന്നതിനും, ടെലിഫോണിലൂടെയും വോയ്സ് മെസ്സേജുകളിലൂടെയും കുടുംബങ്ങളെ–പ്രത്യേകിച്ച്, കോവിഡ് ബാധിച്ചവരുടെയും ക്വാറന്റൈനിലുള്ളവരുടെയും സാമ്പത്തിക ബുദ്ധിമുട്ടുകളുള്ളവരുടെയും കുടുംബങ്ങളെ സഹഗമിക്കുന്നതിനും, കുട്ടികൾക്ക് അവധിക്കാല ക്യാമ്പുകളും ആഘോഷമായ വി. കുർബാനക്കുള്ള ഒരുക്കങ്ങളും ദൈവവിളി പരിപോഷണവും ഓൺലൈനായി നൽകുന്നതിനും, യുവാക്കൾക്കു വേണ്ടി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മുൻകൈയെടുക്കുകയുണ്ടായി. ഇപ്രകാരമുള്ള സംരംഭങ്ങളിലൂടെ, സാമൂഹിക അകൽച്ചയുടെ ഈ കാലഘട്ടത്തെ, നമുക്ക് ആത്മീയ അടുപ്പവും സഭാകൂട്ടായ്മയും വിശ്വാസദൃഢതയും പരസ്നേഹ പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള അവസരമാക്കി മാറ്റുവാൻ നിങ്ങൾ നൽകിയ നേതൃത്വത്തിന് പ്രത്യേകം നന്ദി പറയുന്നു.

അതിരൂപതാ നേതൃസമിതികളിലെ പ്രതികരണങ്ങളിൽനിന്ന് മനസ്സിലാക്കുന്നതനുസരിച്ച് താഴെ പറയുന്ന അഞ്ച് സാമൂഹ്യ–സാമ്പത്തിക–മാനസിക പ്രശ്നങ്ങളാണ് കോവിഡ് 19ന്റെ പരിണതഫലമായി നാം അഭിമുഖികരിച്ചുകൊണ്ടിരിക്കുന്നത്.

1. ദിവസവേതന ജോലിക്കാർക്കുണ്ടായിട്ടുള്ള സാമ്പത്തിക ക്ലേശവും ഉണ്ടാകാനിരിക്കുന്ന തൊഴിൽ നഷ്ടവും.
2. ചെറുകിട–വൻകിട സംരംഭകർക്കുണ്ടായ നഷ്ടവും തുടർപ്രവർത്തനം സാധ്യമാകാത്ത നിലയിലുള്ള സാമ്പത്തിക പ്രതിസന്ധിയും.
3. ജോലിനഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾ നേരിടാൻ ഇടയുള്ള തൊഴിലില്ലായ്മ, പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ.
4. കാർഷിക – തൊഴിൽ മേഖലകളിൽ നേരിടുന്ന പ്രതിസന്ധികൾ.

5. മേല്പ്പറഞ്ഞ അവസ്ഥകളിലൂടെ കടന്നുപോകുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും മാനസിക സംഘർഷങ്ങൾ.

ഈ സാഹചര്യത്തിൽ അതിരൂപത, ഇടവക, സമർപ്പിത സമൂഹം, സംഘടന, കുടുംബ കൂട്ടായ്മ തുടങ്ങിയ തലങ്ങളിൽ നൽകാവുന്ന അജപാലന സഹഗമനത്തെക്കുറിച്ച് (ജമൈ്യൈമഹ അരരീാുമിശാലിേ) നിങ്ങളോടൊപ്പം കൂട്ടായി ചിന്തിക്കുവാൻ ആഗ്രഹിക്കുകയാണ്.

**i. അടിയന്തിരശ്രദ്ധ പതിയേണ്ട പ്രവർത്തനങ്ങൾ**

1. ഇടവകാതിർത്തിയിലുള്ള സാധിക്കുന്ന എല്ലാ കുടുംബങ്ങളെയും പ്രത്യേകിച്ച് അരക്ഷിതാവസ്ഥയിലുള്ളവരെയും ഫോൺ വഴിയോ മറ്റ് സാധ്യമായ മാർഗ്ഗങ്ങളിലൂടെയോ ബന്ധപ്പെടാൻ ശ്രമിക്കണം. ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതർ, കൈക്കാരൻമാർ, കുടുംബകൂട്ടായ്മ–സംഘടനാ ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനാധികൃതരുടെ മാർഗ്ഗനിർദേശങ്ങൾ ഇക്കാര്യത്തിൽ സഹായകമായിരിക്കും.
2. നമ്മുടെ ഇടവകകളും സന്യാസ സമൂഹങ്ങളും കുടുംബ കൂട്ടായ്മകളും അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനവും സംഘടനകളും, പ്രത്യേകിച്ച് യുവജനങ്ങളും, പലവിധത്തിൽ ബുദ്ധിമുട്ടുന്നവർക്ക് സഹായം എത്തിക്കുന്നുണ്ടെന്നത് അഭിമാനാർഹമാണ്. എന്നാൽ കൂടുതൽ പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കരുതൽ നടപടികൾ സ്വീകരിക്കാനും, ഏറ്റവും ആവശ്യക്കാരായിട്ടുള്ളവരെ കണ്ടെത്തി ഭക്ഷണം, മരുന്ന് തുടങ്ങിയവ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
3. അവശ്യസാധനങ്ങൾ സന്മനസ്സുകളിൽനിന്ന് സമാഹരിക്കുവാൻ പള്ളിയിൽ സ്ഥിരസംവിധാനം കുറച്ചുമാസങ്ങളിലേക്കെങ്കിലും ഒരുക്കുന്നത് സഹായകമാകും ( ഉദാ: Collection box for groceries and money)
4. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സഹായത്തോടെ തൊഴിൽ നഷ്ടപ്പെടുന്നവർ, മടങ്ങി വരുന്ന പ്രവാസികൾ, മറ്റു പലവിധത്തിൽ ബുദ്ധിമുട്ടുന്നവർ എന്നിവരെ തിരിച്ചറിയുവാനും അവരുടെ തൊഴിൽ മേഖലയുടെ വിവരം ശേഖരിക്കുവാനും ശ്രമിക്കണം. ഇതിന് സഹായകമാകുന്ന ഫോം പിന്നീട് അയച്ചുതരുന്നതാണ്.
5. മാനസിക പിന്തുണ ആവശ്യമുള്ളവർക്ക് സാധിക്കുന്ന കൗൺസിലിങ്ങ് സൗകര്യം ഓരോ തലത്തിലും ക്രമീകരിക്കാൻ ശ്രമിക്കണം. ഇതിനകം തന്നെ സാന്ത്വനം, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്,

അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് എന്നിവ വിവിധ കൗൺസിലിങ്ങ് പരിപാടികൾ നടത്തികൊണ്ടിരിക്കുന്നുണ്ട്. അവരുടെ സഹായം നിങ്ങൾക്ക് തേടാവുന്നതാണ്.

6. അതിഥിതൊഴിലാളികളുടെ ഇടയിൽ ജൂബിലി മിഷൻ ആശുപത്രിയുടെയും പോലീസിന്റെയും സഹകരണത്തോടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് എങ്ങനെ പങ്കാളികളാകാം എന്ന് ചിന്തിക്കാവുന്നതാണ്.

**ii. തുടർപ്രവർത്തനങ്ങൾ**

1. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും വേണ്ടി വീട്ടുപരിസരത്തും പറമ്പുകളിലും കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും തരിശുരഹിത ഇടവകയായി വളരുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സർക്കാർ കൃഷി വകുപ്പിൽ നിന്നും ആവശ്യമായ വിത്തുകളും സാങ്കേതിക സഹായങ്ങളും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അതിനായി അതതു സ്ഥലത്തെ കൃഷിഭവനുമായി ബന്ധപ്പെടുക.
2. ഇടവകയിൽ ഉദ്പാദിപ്പിക്കുന്നവ അവിടെ തന്നെ വിറ്റഴിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിന് നേതൃത്വം നൽകുന്നത് ഉചിതമാകും.
3. നമ്മുടെ സ്ഥാപനങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ നിർമ്മിച്ചു നൽകുവാൻ കഴിയുന്നവരെ സംഘടിപ്പിച്ച് ചെറു ഉദ്പാദനയൂണിറ്റുകൾ തുടങ്ങുന്നതും സഹായകമാകും. (ഉദാ. മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ)
4. സർക്കാർ സഹായങ്ങളും ലോണുകളും അർഹരായവർക്ക് ലഭ്യമാകുന്നതിന് ആവശ്യമായ നേതൃത്വം വഹിക്കേണ്ടതാണ്.
5. വലിയ സാമ്പത്തികമാന്ദ്യം നേരിടുന്ന സാഹചര്യത്തിൽ എല്ലാ മേഖലകളിലും സാമ്പത്തിക മിതത്വവും ചെലവുചുരുക്കലും പ്രാവർത്തികമാക്കേണ്ടതാണ്.

**iii. ദീർഘകാല അജപാലന ക്ഷേമപദ്ധതികൾ**

1. വൈദഗ്ദ്ധ്യമനുസരിച്ച് സ്വയം സഹായകസംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും സാന്ത്വനത്തിന്റെ സഹായം തേടാവുന്നതാണ്.
2. ഇടവകയിലുള്ള പാക്ടിന്റെ നേതൃത്വത്തിൽ എല്ലാ സംഘടനകളേയും കുടുംബകൂട്ടായ്മകളെയും വിദഗ്ദ്ധരെയും ഉൾക്കൊള്ളിച്ച് കൊണ്ട് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണം. 2020–21ലെ ഇടവക–സംഘടന–സന്യാസസമൂഹ അജപാലന പദ്ധതി കോവഡ് 19ന്റെ പശ്ചാത്തലത്തിൽ മേൽപറഞ്ഞ പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ട് പുനർക്രമീകരിക്കേണ്ടതാണ്.

3. സാന്ത്വനം തുടക്കമിട്ട സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയായ ടഅഡള്ള ഠവൃശൈൗ്യ ലേക്ക് ഇടവകയിൽ നിന്ന് കഴിയുന്നത്ര പേരെ ഉൾകൊള്ളിക്കാൻ ശ്രമിക്കണം.
4. സംഘടനകൾ വഴി കൃഷിചെയ്യാത്ത തരിശ് ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണം.
5. ആട്, കോഴി വളർത്തൽ, മീൻകൃഷി, അടുക്കളതോട്ടം തുടങ്ങിയ പദ്ധതികളിലൂടെ സ്വയംപര്യാപ്തത നേടാൻ കുടുംബങ്ങളെ പ്രചോദിപ്പിക്കണം, സഹായിക്കണം.
6. മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കും പദ്ധതികൾക്കും പുറമേ നിങ്ങൾക്ക് മുന്നോട്ടുവയ്ക്കുവാനുള്ള ആശയങ്ങളും നിർദ്ദേശങ്ങളും അതിരൂപതാ കേന്ദ്രത്തിലേക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

**iv.** ഇടവക, സ്ഥാപനം, സംഘടന, സന്യാസ സമൂഹം, കുടുംബ കൂട്ടായ്മ തുടങ്ങിയ തലങ്ങളിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ചെയ്യുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അവയ്ക്കുവേണ്ടി ചില വഴിക്കുന്ന ഏകദേശ സംഖ്യയും പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതോടൊപ്പം അയക്കുന്ന ഫോറം പൂരിപ്പിച്ച് 2020 മെയ് 30ന് അയക്കേണ്ടതാണ്. അതിരൂപതയിൽ നിന്നും അവശ്യപ്പെടുന്ന സമയത്ത് തുടർപ്രവർത്തന റിപ്പോർട്ടും അറിയിക്കേണ്ടതാണ്.

ഇടവകകൾ, സ്ഥാപനങ്ങൾ, സന്യാസ സമൂഹങ്ങൾ, സംഘടനകൾ, കുടുംബ കൂട്ടായ്മകൾ, വ്യക്തികൾ ചെയ്യുന്ന സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. മേൽപറഞ്ഞ ആശയങ്ങൾ ദൈവജനത്തിന്റെ ക്ഷേമത്തിനും ശാക്തീകരണത്തിനും സഹായകമാകും വിധത്തിൽ വിശ്വാസികളെ അറിയിക്കുവാനും പ്രായോഗികമാക്കുവാനും ശ്രമിക്കുമല്ലോ.

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി
## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ജൂലൈ 2020

| | |
|---|---|
| 3 | : മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ |
| | : ആദ്യവെള്ളി |
| 5 | : **ശ്ലീഹാ ആറാം ഞായർ** |
| 11 | : വി. ബനഡിക്ട് |
| 12 | : **ശ്ലീഹാ ഏഴാം ഞായർ** |
| 15 | : വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | : കർമ്മലമാതാവ് |
| 19 | : **കൈത്താ ഒന്നാം ഞായർ** |
| 22 | : വി. മഗ്ദലേന മറിയം |
| 24 | : നിസിബിസിലെ വി. യാക്കോബ് |
| 25 | : വി. യാക്കോബ് |
| 26 | : **കൈത്താ രണ്ടാം ഞായർ** |
| | : വി. യൊവാക്കിമും വി. അന്നായും |
| 28 | : വി. അൽഫോൻസ |
| 29 | : വി. മർത്താ |
| 31 | : വി. ഇഗ്നേഷ്യസ് ലെയോള<br>മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി |

**2. കൈത്താക്കാലം:**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നട



ത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നട പ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മി പ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരു ടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേക തയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസി കൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മി പ്പിക്കുന്നു. യഥാർത്ഥ വളർച്ച ആന്തരിക നവീകരണത്തിൽ അടങ്ങി യിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തി ന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമാ യിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ–ശ്ലീ വാ–മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാ ണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ആ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ് ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്ക് വ്യാപരിക്കാം.

**3. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം.

4. **തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5. **അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

6. **പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

1. അറക്കൽ സ്റ്റീഫൻ – പഴുവിൽ (ആലുവ)
2. അക്കരപ്പട്ട്യേക്കൽ നിർമ്മൽ – ആമ്പക്കാട് (മേരിമാത)
3. ചെമ്മണ്ണൂർ ലിബിൻ – കോട്ടപ്പടി (മേരിമാത)
4. ചിറ്റിലപ്പിള്ളി അജിത് – തിരൂർ (മേരിമാത)
5. ചുങ്കത്ത് മിഥുൻ – ചേറൂർ (കോട്ടയം)
6. മങ്ങാട്ടിലിയൻ ജോമോൻ – തിരൂർ (ആലുവ)
7. മഞ്ഞളി ബിനോയ് – മരത്താക്കര (കോട്ടയം)
8. മുക്കാടയിൽ ജിൻസൺ – വെള്ളാനിക്കോട് (മേരിമാത)
9. മുത്തുപ്പീടിക മേജോ – വല്ലച്ചിറ (മേരിമാത)
10. നെല്ലങ്കര ജിതിൻ – അരിമ്പൂർ (മേരിമാത)
11. പടിഞ്ഞാക്കര അഭിജിത്ത് – ചിയ്യാരം വിജയമാത (മേരിമാത)
12. താണിക്കൽ ജോമോൻ – പുതുക്കാട് (മേരിമാത)
13. ഊക്കൻ സിബിൻ – തലോർ (കോട്ടയം)
14. ഊക്കൻ തോമസ് – അരിമ്പൂർ (മേരിമാത)
15. വടക്കേത്തല മിഥുൻ – നോർത്ത് കാരമുക്ക് (മേരിമാത)

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

1. ഐനിക്കൽ എഡ്വിൻ – ഒല്ലൂക്കര (മേരിമാത)
2. ചിറ്റിലപ്പിള്ളി ആന്റണി – പറപ്പൂർ (മേരിമാത)
3. എടക്കളത്തൂർ ഗോഡ്വിൻ – വെള്ളറക്കാട് (കോട്ടയം)

4. കാഞ്ഞിരത്തിങ്കൽ അരുൺ – അരിമ്പൂർ (മേരിമാത)
5. കണ്ണനായ്ക്കൽ സാൽവിൻ – തങ്ങാലൂർ (കോട്ടയം)
6. കിഴക്കൂടൻ ഗോഡ്‌വിൻ – തലോർ (മേരിമാത)
7. മുട്ടത്ത് പോൾ – പേരകം (മേരിമാത)
8. നീലങ്കാവിൽ ഹാഡ്‌ലി – മുക്കാട്ടുകര (മേരിമാത)
9. ഒലക്കേങ്കിൽ ഡെബിൻ – പാവറട്ടി(ആലുവ)
10. പയ്യപ്പിള്ളി ജിനു – വെളപ്പായ (മേരിമാത)
11. പേരാമംഗലം ജാക്സൺ – നെല്ലിക്കുന്ന് (മേരിമാത)
12. തട്ടിൽ ചീനിക്കൽ ബെൻവിൻ –നെടുപുഴ (മേരിമാത)
13. വേലൂക്കാരൻ ജിയോ – ഒളരിക്കര (മേരിമാത)

**c) കാറോയപ്പട്ടം**

1. അരിമ്പൂർ ഡെറിൻ – കാരമുക്ക് (മേരിമാത)
2. പുലിക്കോട്ടിൽ ഡേവിസ് – ചിറ്റാട്ടുകര (മേരിമാത)
3. പുത്തൂർ ജോൺ – വിയ്യൂർ (മേരിമാത)

**7. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് പ്രാർത്ഥനാശംസകൾ:**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ 02.06.2020ന് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടികൂടി മുന്നോട്ട് പോകുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

1. ആലപ്പാട്ട് ജിയോ ആമ്പക്കാട്
2. ചൂണ്ടൽ ആൽബിൻ ചൂണ്ടൽ
3. എടക്കളത്തൂർ ജിജോ ഒരുമനയൂർ
4. പഴയേടത്ത് ജെയ്സൻ കുണ്ടുകാട്
5. പൊന്നാരി നിഥിൻ നെന്മണിക്കര
6. പൊൻപറമ്പിൽ ബിജോയ് കുണ്ടന്നൂർ
7. പുത്തൂക്കര ഫ്രാൻസിസ് വേലൂർ
8. തേക്കാനത്ത് ക്രിസ്റ്റോ കോനിക്കര
9. വടക്കേത്തല പ്രിജോ തലോർ
10. വല്ലച്ചിറക്കാരൻ ഡിന്റോ മരിയാപുരം

**8. വൈദികരുടെ നിയമനം:**

1. ഫാ. ചാക്കോ നടക്കാവെളിയിൽ – ഡീൻ ഓഫ് ഫാക്കൽറ്റി, മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2020 ഏപ്രിൽ 1 മുതൽ.
2. ഫാ. ചെറുതൊട്ടിയിൽ സിബി – ഡീൻ ഓഫ് ഫാക്കൽറ്റി, മേരിമാത മേജർ സെമിനാരി; സാധുത 2020 ഏപ്രിൽ 1 മുതൽ.
3. ഫാ. ചിറമ്മൽ സിംസൺ – അസി. ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് മുളയം; സാധുത 2020 മെയ് 12 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്


---

അങ്ങയുടെ
കൈകളിലേക്കാണ്
ഞാൻ
പിറന്നുവീണത്;
മാതാവിന്റെ
ഉദരത്തിൽ
ആയിരിക്കുമ്പോൾ
മുതൽ അവിടുന്നാണ്
എന്റെ ദൈവം.

*(സങ്കീ : 22:10)*









## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

## 57–ാം ശ്രാദ്ധാചരണം

1930 മുതൽ 1963 വരെ ചേലക്കരയുടെ ആത്മീയ, വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ സജീവസാന്നിധ്യമായിരുന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ 57–ാം ശ്രാദ്ധാചരണവും ചേലക്കരയിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചതിന്റെ 90–ാം വാർഷികവും ഭക്തിനിർഭരമായ നവനാൾ തിരുകർമ്മങ്ങളോടെ ജൂൺ 1 മുതൽ 9 വരെ ആചരിച്ചു. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെയും സഭാധികാരികളുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ടാണ് വിശ്വാസസമൂഹം സി. സി. ടിവിയിലൂടെയും ഷെക്കെയ്ന ചാനലിലൂടെയും മീഡിയ കത്തോലിക്കയിലൂടെയും പ്രക്ഷേപണം ചെയ്ത തിരുകർമ്മങ്ങളിൽ പങ്കെടുത്തത്. ശ്രാദ്ധാചാരണ ദിനമായ ജൂൺ 9ന് ശ്രാദ്ധ ഊട്ട് ഇല്ലാതിരുന്ന സാഹചര്യത്തിൽ ചേലക്കര, പരക്കാട് ഇടവകാംഗങ്ങൾക്ക് അരിയും പായസകിറ്റും വിതരണം ചെയ്തു. കൂടാതെ നാനാജാതി മതസ്ഥരായ 60 പേർക്ക് 5 കിലോ അരിവീതവും വിതരണം ചെയ്യുകയുണ്ടായി.

ജൂൺ 1 മുതൽ ആരംഭിച്ച നവനാൾ തിരുകർമ്മങ്ങൾക്ക് അതിരൂപത പ്രൊക്യുറേറ്റർ റവ. ഫാ. വർഗ്ഗീസ് കൂത്തൂർ, ചേലക്കര ഫൊറോന വികാരി റവ. ഫാ. തോമസ് വടുക്കൂട്ട്, അസി. വികാരി ഫാ. ലിവിൻ ചൂണ്ടൽ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജർ ഫാ. റോയ് വടക്കൻ, നോർബർട്ടൈൻ ആശ്രമ ഡയറക്ടർ ഫാ. ബെന്നി പനക്കൽ,

മുള്ളൂർക്കര ഇടവക വികാരി ഫാ. ഷിജു ചിറ്റിലപ്പിള്ളി, അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, ഫാ. ബാബു പാണാട്ടുപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

ശ്രാദ്ധദിനമായ ജൂൺ 9ന് രാവിലെ 6:45ന് ആരംഭിച്ച വി. കുർബാനയിൽ മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികനായിരുന്നു. നാമകരണ നടപടിയുടെ പോസ്റ്റുലേറ്റർ ഡോ. പോൾ പുളിക്കൻ, ഫൊറോന വികാരി റവ. ഫാ. തോമസ് വടുക്കൂട്ട് എന്നിവർ സഹകാർമ്മികരായിരുന്നു. ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ചേലക്കരയിലേക്കുള്ള പ്രേഷിതയാത്രകളെ അനുസ്മരിച്ച് കൊണ്ട് മുള്ളൂർക്കരയിൽ നിന്നും ചേലക്കരയിലേക്ക് കൊല്ലംതോറും നടത്തിവരാറുള്ള തീർത്ഥാടന പദയാത്ര നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട് നടത്തുകയുണ്ടായി.

മുള്ളൂർക്കര ഇടവക വികാരിയും ഹിസ്റ്റോറിക്കൽ കമ്മീഷൻ അംഗവുമായ ഫാ. ഷിജു ചിറ്റിലപ്പിള്ളി പദയാത്ര ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി റവ. ഫാ. തോമസ് വടുക്കൂട്ട്, അസി. വികാരി ഫാ. ലിവിൻ ചൂണ്ടൽ, കൈക്കാരൻ വർഗ്ഗീസ് നീലങ്കാവിൽ, സജി മാളിയേക്കൽ, കൺവീനർമാരായ ജോബ് മണ്ടുംപാൽ, ജെയിംസ് ചാലക്കൽ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

നീതിമാന്മാരുടെ ആത്മാവ്
ദൈവകരങ്ങളിലാണ്;
ഒരു ഉപദ്രവവും അവരെ
സ്പർശിക്കുകയില്ല.

*(ജ്ഞാനം 3:1)*





**നാമകരണനടപടികൾ**

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

നമ്മുടെ കാഴ്ചശക്തിക്കപ്പുറത്തിരുന്ന് ഒരു കുഞ്ഞുവൈറസ് ലോകജനതയെ സംഭ്രമിപ്പിക്കുന്ന ഈ കാലഘട്ടത്തിലും ദാ, നീ ഇവിടെ എപ്പോഴും സുരക്ഷിതനാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ ജൂൺ മാസവും കടന്നുപോയിരിക്കുന്നു. ഈ അസാധാരണസാഹചര്യം മൂലം, ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ആദരവിനായി നടത്തിവരുന്ന രണ്ടാം ശനിയാചരണം ഇത്തവണയും നടത്താൻ സാധിക്കാത്തതിനാൽ ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ നമുക്കൊന്ന് തിരിച്ചറിയാം.

തിരുഹൃദയത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് ഊക്കനച്ചൻ ഇങ്ങനെ എഴുതി ഈശോയുടെ തിരുഹൃദയം നമ്മുടെ എല്ലാ പ്രതിസന്ധികളിലും ശക്തിദുർഗ്ഗമായിരിക്കും.അഭയകേന്ദ്രവും അഭയസ്ഥാനവുമായിരിക്കും. അദ്ദേഹം തുടരുന്നു മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന ഈ ഹൃദയം കണ്ടാലും!

പരിശുദ്ധപിതാവ് പോപ്പ് പയസ് 12-ാമൻ, തന്റെ ഓറിയെത്തീസ് ആക്വാസ് എന്ന ചാക്രികലേഖനത്തിൽ ഇങ്ങനെ സ്ഥിരീകരിച്ചിരിക്കുന്നു. യേശുവിന്റെ തിരുഹൃദയം, ദിവ്യരക്ഷകൻ തന്റെ പിതാവിനെയും സർവ്വമനുഷ്യരേയും നിരന്തരം സ്നേഹിക്കുന്ന സ്നേഹത്തിന്റെ മുഖ്യ അടയാളവും പ്രതീകവുമാണ്. ഇതിനെക്കുറിച്ച് ദീർഘവീക്ഷണം ഉണ്ടായിരുന്ന ഊക്കനച്ചൻ ഇങ്ങനെ എഴുതിചേർത്തു സ്നേഹത്തിന്റെ ഇരിപ്പിടമാണ് യേശുവിന്റെ തിരുഹൃദയം എന്ന്. ഈ സ്നേഹത്തെക്കുറിച്ച് ധ്യാനിച്ച് അദ്ദേഹം ഇങ്ങനെ കുറിച്ചു, കുറെപ്പേർ യേശുവിന്റെ

സ്നേഹത്തെ വെല്ലുവിളിക്കുന്നു, എതിർക്കുന്നു, തന്റെ തെരഞ്ഞെടുക്കപ്പെട്ടവർ പോലും ഏറ്റവും മാധുര്യമുള്ള ആ ഹൃദയത്തെ കുത്തിമുറിപ്പെടുത്തുന്നു. അതിനാൽ ഊക്കനച്ചൻ ഇങ്ങനെ പ്രാർത്ഥിച്ചു യേശുവേ, അങ്ങയുടെ മാധുര്യമുള്ള ഹൃദയത്തിന് പ്രീതികരമായതെന്തെങ്കിലും നിരസിക്കുന്നതിന് ഞാൻ ഒരുമ്പെടുമ്പോൾ അത് ഉത്തമമല്ല എന്ന് ചിന്തിക്കുന്നതിന് എന്റെ ബുദ്ധിയ്ക്ക് പ്രകാശം നൽകണമെ!

ഈ തിരുഹൃദയത്തിൽ നിന്നും കരകവിഞ്ഞൊഴുകിയ കരുണാർദ്ര സ്നേഹം അനുഭവിച്ചറിഞ്ഞതിനാലാണ് തന്റെ ജീവിതകാലത്ത് അദ്ദേഹം അപരന്റെ മുമ്പിൽ കരുണയുടെ അപ്പസ്തോലനായി മാറിയതും. രണ്ടാം ലോകമഹായുദ്ധകെടുതികളും സാംക്രമികരോഗങ്ങളും സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അസ്വസ്ഥതയുണ്ടാക്കിയ ആ കാലഘട്ടത്തിൽ, തന്റെ അജഗണങ്ങളെയെല്ലാം ഈശോയുടെ തിരുഹൃദയത്തിലേയ്ക്ക് സമർപ്പിക്കുവാനും ആശ്വസിപ്പിക്കുവാനും ഊക്കനച്ചന് സാധിച്ചതുപോലെ ഇന്നത്തെ ഈ പ്രത്യേകസാഹചര്യത്തിൽ നമുക്ക് ചുറ്റുമുള്ളവരെ ഈശോയുടെ തിരുഹൃദയത്തിലേയ്ക്ക് നയിക്കുവാൻ നമുക്കും പരിശ്രമിക്കാം. അതിന് ഊക്കനച്ചനെപ്പോലെ എന്നെയും ഈശോയുടെ തിരുഹൃദയത്തിന്റെ അടിമയാക്കണമെ എന്ന് പ്രാർത്ഥിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

നീതി പ്രവർത്തിക്കുക; കരുണ
കാണിക്കുക; നിന്റെ ദൈവത്തിന്റെ
സന്നിധിയിൽ വിനീതനായി ചരിക്കുക.

*(മിക്കാ 6:8)*

# സാമ്പത്തിക കാര്യാലയം



**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2020 ആഗസ്റ്റ് 3 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫെറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. ജൂൺമാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ്11) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തെരട്ടുകൊണ്ടുവരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും 2020 ജൂൺ മാസത്തെ ബുള്ളറ്റിനിൽ ( പേജ് 5, 6) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 2020 ജൂൺ മാസത്തെ ബുള്ളറ്റിൻ അതിരൂപത വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**2. കുർബ്ബാന കണക്ക്**

അതിരൂപത കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തിരുക്കർമ്മ ധർമ്മ വിവരത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യകൾ മാത്രമേ ഏൽക്കുന്നവർ സ്വീകരിക്കാവൂ. തിരുക്കർമ്മധർമ്മം സ്വീകരിക്കുമ്പോൾ രസീതികൾ നൽകേണ്ടതാണ്. തിരുക്കർമ്മ ധർമ്മ വിവരത്തിൽ പറഞ്ഞിരിക്കുന്ന ഏതൊക്കെ ഇനത്തിന് എത്രയൊക്കെ ധർമ്മങ്ങൾ സ്വീകരിക്കുമെന്ന് രസീതിയിൽ വിശദമായും വ്യക്തമായും എഴുതണം. ഏൽപ്പിക്കുന്ന എല്ലാ തിരുക്കർമ്മധർമ്മങ്ങൾക്കും ഇപ്രകാരമുള്ള രസീതി ലഭിക്കാനുള്ള വിശ്വാസികളുടെ അവകാശം നിഷേധിക്കാൻ പാടില്ല. സ്വീകരിച്ച തിരുക്കർമ്മധർമ്മങ്ങളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.കുർബ്ബാന കണക്കുകൾ ഇടവകയുടെ Main Day Book ൽ ചേർക്കേണ്ടതാണ്. കുടുതൽ സൗകര്യാർത്ഥം വേറെ Cash Book, Ledger, Bank A/C Book എന്നിവ സൂക്ഷിക്കാവുന്നതാണ് .

വൈദീകർ കുർബ്ബാന കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കണം. നൂറിൽ കൂടുതൽ കുർബ്ബാനധർമ്മം കൈവശം സൂക്ഷിക്കാൻ പാടില്ല. അധികം വരുന്ന കുർബ്ബാനധർമ്മങ്ങളും മറ്റ് തിരുക്കർമ്മ ധർമ്മങ്ങളും എത്രയും വേഗം അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. വൈദികർ അവ പരസ്പരം കൈമാറാൻ പാടില്ല. Ref.no.അതിരൂപത നിയമാവലി Art .288,355

3. **ഫൈനാൻസ് ഓഫീസ് – പണഇടപാട്**

Covid-19 ന്റെ പശ്ചാതലത്തിൽ ആവുന്നത്ര മനുഷ്യർ തമ്മിലുള്ള ഇടപ്പെടലുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പള്ളികളിൽ നിന്നുള്ള തെരട്ട് ഫീ, കുർബ്ബാന പണം, മറ്റ് ഫീസുകൾ തുടങ്ങിയ വിഹിതങ്ങൾ ആവുന്നത്ര ചെക്ക് മുഖേന ഫൈനാൻസ് ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു. പള്ളികൾ അവർക്കു കിട്ടുന്ന പണം ബാങ്കിൽ നിക്ഷേപ്പിച്ച് അതിൽ നിന്നുള്ള ചെക്ക് ആണ് കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നത്. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

4. **ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2020 ഒക്ടോബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചൻമാരെ ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

1. **ഫാ. മാത്യു ചാക്കേരി (9495465401) ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്
5. കെ.സി.എസ്. എൽ
6. മാതൃസംഘം

**2. ഫാ. ജിക്സൺ താഴത്ത് (9048374050) ശ്രീ. ജോസ് വടക്കേത്തല (9495888206)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ
2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട് ,ലിലിയൻ ഫോണ്ടസ്
3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ(എസ്. എസ്. ജെ. ഡബ്ല്യൂ)
5. ഹോളി ചൈൽഡ് ഹുഡ്
6. ഫ്രാൻസിസ്കൻ അസോസിയേഷൻ
7. കുടുംബസമ്മേളനം
8. ചൈതന്യക്ലീനിക്
9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്., മൂളയം
10. ഡാമിയൻ എസ്റ്റേറ്റ് മൂളയം
11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

**3. ഫാ. പോൾസൺ തട്ടിൽ (9446533069) ശ്രീ. ഇ. കെ. ഫ്രാൻസിസ് (2695065)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ചൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**4. ഫാ. ജോജു ആളൂർ (9446620881) ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ
8. കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം

10. ആബാ റിന്യൂവൽ സെന്റർ

5. **ഫാ. ജോർജ്ജ് ചെറുവത്തൂർ (9447468387) ശ്രീ. ആന്റോ നെല്ലി ശ്ശേരി (8547411138)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം , തിരുവില്വാമല

6. **ഫാ. വർഗ്ഗീസ് തരകൻ (9447350189) ശ്രീ. ആന്റണി തോമസ് എം. (9447739870)**

1 പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് പോൾ പീസ് ഹോം . പെരിങ്ങണ്ടൂർ
4. കലാസദൻ
5. കാത്തലിക് നഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ
7. പാസ്റ്ററൽ സെന്റർ
8. സാവിയോ ഹോം , മനക്കൊടി
9. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ
10. ടിംഹാൻസ്, പെരിങ്ങണ്ടൂർ
11. കത്തോലിക്കാസഭാമാഗസിൻ

7. **ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട്, (9446723006) ശ്രീ എം.ഡി. ആന്റോ (98952427067)**

1. വിശ്വാസ പരിശീലനം
2. വിശ്വാസ പരിശീലനം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. വിശ്വാസ പരിശീലനം – ബുക്ക് സ്റ്റാൾ
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി
5. ഡി.ബി.സി.എൽ.സി
6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്
7. എക്സൽ അക്കാദമി
8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
9. കാത്തലിക് ഇൻഫർമേഷൻ സെന്റർ

10. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
11. സി.എൽ.സി
12. അൾത്താര സംഘം

**8. ഫാ. ജോഷി ആളൂർ (9495337733) ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
4. ടി.ടി.ഐ. കുരിയച്ചിറ
5. ഐ.സി.എസ്. ഇ. സ്കൂൾ കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

**9. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926) പ്രൊഫ. സി.പി. ഡേവിസ് (9447224533)**

1 കെ.സി.വൈ.എം. & കത്തോലിക്ക കോൺഗ്രസ് & യൂത്ത്മിനിസ്ട്രി
2. ലേ ലീഡർഷിപ്പ്
3. ലീജിയൻ ഓഫ് മേരി
4. സോഷ്യൽ ആക്ഷൻ
5. സോഷ്യൽ വെൽഫെയർ സെന്റർ
6. സോഷ്യൽ ഹൗസിംഗ് സെന്റർ
7. സേവ് എ. ഫാമിലി പ്ലാൻ
8. സ്ലം സർവ്വീസ്
9. സാന്ത്വനം

**10. ഫാ. ഫിനോഷ് കീറ്റിക്ക (9995879235) ശ്രീ. സി.പി. ജോസ് (9249898575)**

1. മേരിമാത മേജർ സെമിനാരി
2. ഹോം ഓഫ് ലവ്, മുളയം
3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
4. കരുണട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്
5. സെന്റ് മേരീസ് മൈനർ സെമിനാരി
6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി
7. പ്രീസ്റ്റ് വെൽഫയർ ഫണ്ട്
8. PAROC

**ഫാ. ഡിറ്റോ കൂള**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗ്ഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ



# നാളാഗമം

## ഏപ്രിൽ 2020

**04.** അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ ഓശാന ഞായർ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

**08.** അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് അനുതാപശുശ്രൂഷക്ക് നേതൃത്വം നൽകി.

**09.** അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ പെസഹാവ്യാഴം തിരുകർമ്മങ്ങൾക്ക് മിഖ്യകാർമ്മികത്വം വഹിച്ചു.

**10.** അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനക്ക് നേതൃത്വം നൽകി.

**12.** അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ ഉയിർപ്പ് ഞായർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ അതിരൂപത സോഷ്യൽ ആക്ഷൻ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പോലീസിനും ആരോഗ്യപ്രവർത്തകർക്കുള്ള ഭക്ഷണപൊതി കൈമാറി. ഉച്ചയ്ക്ക് ടി.സി.വി. ചാനലിൽ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കരുണ ഞായർ തിരുനാൾ ദിനത്തിൽ മീഡിയ കത്തോലിക്കയിൽ ദിവ്യബലിയർപ്പണം നടത്തി.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കണിമംഗലം സി.എം.സി. കോൺവെന്റിൽ സി.ആമോസിന്റെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. ബഹു. സിസ്റ്റർ സിജി സി.എം. സി. യുടെ മൃതസംസ്കാര കർമ്മങ്ങളിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുക്കുകയും മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മീഡിയ കത്തോലിക്കയിൽ ദിവ്യബലിയർപ്പണം നടത്തി.

**മെയ് 2020**

01. അഭിവന്ദ്യ താഴത്ത് പിതാവ് മെത്രാഭിഷേക വാർഷിക ദിനത്തിൽ മീഡിയ കത്തോലിക്കയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഒല്ലൂർ സി.എം.സി. കോൺവെന്റിൽ സി. വിക്ടോറിയയുടെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

02. ആരാധനാസമൂഹംസിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണ ത്തിനും പ്രഥമവൃത വാഗ്ദാന കർമ്മങ്ങൾക്കും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം നൽകി.

03. അഭിവന്ദ്യ താഴത്ത് പിതാവ് മീഡിയ കത്തോലിക്കയിൽ ദിവ്യബലിയർപ്പിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽവെച്ചു നടന്ന പെർമെന്റ് സിനഡിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഹോളിഫാമിലി കോൺവെന്റിൽ സി. ആഞ്ചിലയുടെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കോലഴി സി.എസ്.സി ജന റലേറ്റിൽ വെച്ച് നടന്ന സഭാവസ്ത്ര സ്വീകരണത്തിനും പ്രഥമവ്രത വാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പാവറട്ടി ഇടവകയിൽ ബ്രദർ റിയോ ഒലക്കേങ്കിലിന്റെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത ദിനത്തിൽ മീഡിയ കത്തോലിക്കയിൽ ദിവ്യബലിയർപ്പിച്ചു. നടത്തറയിൽ ഹരിതം സാന്ത്വനം ജൈവകൃഷി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചയ്ക്ക് പുല്ലഴി ക്രിസ്റ്റീന ഹോമിൽ സന്ദർശനം നടത്തി. വൈകീട്ട് അതിരൂപത പാക്റ്റിന്റെ വെബ് കോൺഫറൻസിൽ പങ്കെടുത്തു.

പെരിഞ്ചേരി തിരുഹൃദയ ദൈവാലയത്തിൽവെച്ച് ഫരിദാബാദ് രൂപതക്കുവേണ്ടി വൈദികപരിശീലനം ചെയ്ത്കൊണ്ടിരുന്ന ഡീ. ആൽവിൻ ആലുക്കലിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി.

**21.** അഭിവന്ദ്യ താഴത്ത് പിതാവ് പെരിങ്ങണ്ടിയൂർ ടിംഹാൻസിൽ ചാപ്പൽ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

**23.** അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാ കോൺഗ്രസ് വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

**24.** അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര ഹോളിഫാമിലി കോൺവെന്റിൽ സി. സാവുളയുടെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

**26.** അഭിവന്ദ്യ താഴത്ത് പിതാവ് മുളയം മേരിമാത മേജർ സെമിനാരിയിൽ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

**27.** അഭിവന്ദ്യ താഴത്ത് പിതാവ് കാച്ചേരി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടം നൽകി. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഡോക്ടർ എടൻവാലയുടെ അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. സാഗർ മിഷൻ രൂപതക്കുവേണ്ടി ഡീ. നിജോ കുടിയിരിക്കൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

**29.** അഭിവന്ദ്യ താഴത്ത് പിതാവ് കാച്ചേരി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർഥികൾക്ക് കാറോയ, സബ് ഡീക്കൻ എന്നീ ചെറുപട്ടങ്ങൾ നൽകി.

**30.** അഭിവന്ദ്യ താഴത്ത് പിതാവ് ചേറൂർ സെന്റ് ജോസഫ് കോൺവെന്റിൽ എസ്.എം.സി . സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാനം, സഭാവസ്ത്രം സ്വീകരണം എന്നിവയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പല്ലിശ്ശേരി അഭയം പാലിയേറ്റീവ് എൽഡേഴ്സ് ഹോം വെഞ്ചിരിപ്പ് കർമ്മം നടത്തി. നിർമ്മല ദാസി സിസ്റ്റേഴ്സിന്റെ നിത്യ വ്രതവാഗ്ദാന കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

**31.** മുളയം ഹോളി റൂഹാ മൊണാസ്റ്ററിയിൽ നിത്യവ്രതവാഗ്ദാന കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. പോൾ പുലിക്കോട്ടിൽ | 08 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 12 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 20 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| മോൺ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| മോൺ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ലിയോ പുത്തൂർ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. നോബിൾ പെട്ടയിൽ | 20 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ | 25 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. അനീഷ് കൂത്തൂർ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ട്രെജിൻ തട്ടിൽ വെള്ളാനി | 28 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |
| ഫാ. ഇഗ്നേഷ്യസ് നന്തിക്കര | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |

"

നിങ്ങൾ ധീരന്മാരായിരിക്കുവിൻ. നിങ്ങളുടെ കൈകൾ തളരാതിരിക്കട്ടെ. നിങ്ങളുടെ പ്രവൃത്തികൾക്കു പ്രതിഫലം ലഭിക്കും.

*(2 ദിനവൃത്താന്തം 15:7)*

# ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05-07-1915 |
| ഫാ. ജോസഫ് പുത്തൂർ | 18-07-1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23-07-1945 |
| ഫാ. ഗ്രൂസ് പാനികുളം | 09-07-1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08-07-1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11-07-1953 |
| ഫാ. ജോസഫ് പറമ്പൻ | 27-07-1961 |
| ഫാ. ആന്റണി അക്കര | 16-07-1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22-07-1971 |
| ഫാ. പോൾ അരിക്കാട്ട് | 07-07-1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12-07-1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07-06-1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13-07-1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28-07-1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31-07-1985 |
| ഫാ. ജോസഫ് ചാലക്കൽ | 22-07-1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09-07-1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18-07-1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14-07-2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18-07-2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31-07-2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05-07-2010 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27-07-2017 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – മെയ് 2020**

1. **സി.എം.സി.**

   11 ന് പറപ്പൂർ ഫോർമേഷൻ ഹൗസിൽ വച്ച് 16 ആസ്പിരൻസ് പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും കൗൺസിലേഴ്സും ഇതിൽ സംബന്ധിച്ചു.30 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് CMC Management ന്റെ കീഴിലുള്ള aided schools ലെ പ്രധാന അധ്യാപകർക്കായി ഒരു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ, വിദ്യാഭ്യാസ കൗൺസിലർ സി.സ്റ്റെല്ല റോസ്, കോർപ്പറേറ്റ് മാനേജർ സി.ആത്മ എന്നിവർ സംസാരിച്ചു. മരിയഭവൻ തൊഴുപ്പാടം , സേക്രഡ് ഹാർട്ട് തൃശ്ശൂർ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ കാനോനിക സന്ദർശനം നടത്തി.

2. **എഫ്.സി.സി.**

   മെയ് 1–ാം തിയതി എൽ എഫ് കോളേജ് പ്രിൻസിപ്പലായി സി. ജീസ്മ തെരേസ് ചാർജ് എടുക്കകയും പ്രസ്തുത ചടങ്ങിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ പങ്കെടുക്കുകയും ചെയ്തു. മെയ് 12–ാം തീയതി ആലുവ പോർസ്യുങ്കുളായിൽ വെച്ച് 5 ജൂണിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തുകയും അന്നുതന്നെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ അവർക്ക് ഹൃദ്യമായ സ്വീകരണം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അതിരൂപതയോട് ചേർന്ന് മാസ്ക് നിർമ്മാണം, കിറ്റ് വിതരണം എന്നിവയിൽ പങ്കുചേർന്നു. അസ്സീസി പ്രോവിൻസിന്റെ വിവിധ ഭവനങ്ങളിൽ നിന്ന് അതതു പ്രദേശങ്ങളിൽ കിറ്റ്, മെഡിസിൻ, മാസ്ക്,

സാനിറ്ററൈസർ, Hand wash സൗകര്യങ്ങൾ, ലോക്ക് ഡൗൺ മൂലം സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കുടുംബങ്ങൾക്ക് ധനസഹായം എന്നിവ നൽകി. കോവിഡ് –19–ന്റെ പശ്ചാത്തലത്തിൽ അതാതു ഭവനങ്ങളിലായിരുന്നുകൊണ്ട് സിസ്റ്റേഴ്സ് ജറുസലേം ധ്യാനകേന്ദ്രത്തിൽനിന്നുള്ള Online Sisters Retreat ലൂടെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു. ഏപ്രിൽ 17–ാം തീയതി മുതൽ മെയ് 19–ാം തീയതി വരെയുള്ള ദിവസങ്ങളിൽ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസ് തുടങ്ങി 17 ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി. മെയ് 30 ാം തീയതി Pre Postulancy Phase ക ലെ അർത്ഥിനികൾ ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിൽ Pre Postulancy Phase II ലേക്ക് പ്രവേശിച്ചു. സി. അലീന ലിസ്ബത്ത് ഇവരുടെ മിസ്ട്രസ്സായി ചാർജ്ജെടുത്തു.

3. **സി.എസ്.എം.**

കോവിഡ് – 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രോവിൻസിലെ എല്ലാ വനങ്ങളിലും 50 മണിക്കൂർ ആരാധന നടത്തി. തൃശ്ശൂർ അതിരൂപതയിലെ സ്നേഹപുരം ഇടവകയിലെ കുടുംബങ്ങൾക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ ബ.സി.ജിയോ മരിയയുടെ നേതൃത്വത്തിൽ 50 ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. അതിരൂപതാ– കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ നിർമ്മിച്ച് കൊടുക്കുന്ന മാസ്കിന്റെ കട്ടിംങ്ങ് ലൂർദ്ദ് നാഥ പ്രസ്സിൽ വച്ച് ചെയ്ത് കൊടുക്കുകയും ഏകദേശം 2000 മാസ്ക് സിസ്റേറഴ്സ് തയ്ച്ച് കൊടുക്കുകയും ചെയ്തു. ലോക്ക് ഡൗണിന്റെ ഭാഗമായി ലൂർദ്ദ് കത്തീഡ്രലിലും ഡി.ബി.സി.എൽ.സിയിലും അർപ്പിക്കുന്ന ദിവ്യബലികളിൽ സിസ്റ്റേഴ്സ് പങ്കെടുക്കുകയും ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി വരികയും ചെയ്യുന്നു. ജറുസലേം ധ്യാന സെന്ററിൽ നിന്ന് ബ. ഡേവീസ് പട്ടത്തച്ചന്റെ നേതൃത്വത്തിൽ സമർപ്പിതർക്ക് വേണ്ടി ഓൺലൈനിലൂടെ നടത്തിയ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു. കോവിഡ് – 19 പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് – സർവ്വശക്തന്റെ തണലിൽ എന്ന സങ്കീർത്താനാലാപനത്തിന്റേയും, കവിത–തളരാത്ത കൂട്ടിന്റേയും വീഡിയോ ലൂർദ്ദ് നാഥ പ്രോവിൻസിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു. വിവിധ തരം മത്സരങ്ങൾ സിസ്റ്റേഴ്സിനായി സംഘടിപ്പിക്കുകയും വിജയികളെ കണ്ടെത്തുകയും ചെയ്തു. മൂവാററുപുഴ ലിസ്യു സെന്ററിൽ

നിന്ന് 3 മാസത്തെ സ്പിരിച്ച്വാലിറ്റി കോഴ്സ് കഴിഞ്ഞ് ബ.സിസ്റ്റേഴ്സ് തിരിച്ചെത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ ബ.സി.ജിയോ മരിയയുടെ നാമഹേതുക തിരുനാളിൽ പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ബ. ജോസ് വട്ടകുഴി അച്ചൻ ദിവ്യബലി അർപ്പിക്കുകയും ലളിതമായി ആഘോഷിക്കുകയും ചെയ്തു.09/05/2020 ന് പ്രോവിൻസിലെ 11 ജൂനിയർ സിസ്റ്റേഴ്സ് വ്രതവാഗ്ദാനം ചെയ്തു. യാക്കര, പഴയന്നൂർ, അഞ്ചേരി എന്നിവിടങ്ങളിലെ കോൺവെന്റുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ.സി.ജിയോ മരിയ കാനോനിക വിസിറ്റ് നടത്തി. 18 ന് സ്ഥലമാറ്റത്തോടനുബന്ധിച്ച് സിസ്റ്റേഴ്സ് അവരവരുടെ പുതിയ സ്ഥലങ്ങളിലേക്ക് എത്തിചേർന്നു.

## ആദരാഞ്ജലികൾ



01/05/2020 **സി.എം.സി.** ഒല്ലൂർ, ലേഡി ഫാറ്റിമ മഠാംഗമായ സി. വിക്ടറീന നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി. സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

**ഇപ്പോൾ മുതൽ ഞങ്ങൾ ആരെയും മാനുഷികമായ കാഴ്ചപ്പാടിൽ വീക്ഷിക്കുന്നില്ല. ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നെങ്കിലും ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്.**

*(2 കൊറി. 5:17)*

# പാലയൂർ തീർത്ഥകേന്ദ്രം വാർത്തകൾ

1. **മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിന്റെ ഒദ്യോഗിക പദവി പ്രഖ്യാപനം**

2020 ജനുവരിയിൽ സീറോ മലബാർ സിനഡ് മേജർ ആർക്കി എപ്പിസ് കോപ്പൽ തീർത്ഥാടന കേന്ദ്രമായി ഉയർത്താൻ തീരുമാനിച്ച പാലയൂർ മാർ തോമ അതിരൂപത തീർത്ഥ കേന്ദ്രത്തിന്റെ ഒദ്യോഗിക പദവി പ്രഖ്യാപനം ജൂലൈ 3 ദുക്റാന തിരുനാൾ ദിനത്തിൽ നടത്തുന്നതാണ്. നേരത്തെ മാർച്ച് 29 മഹാ തീർത്ഥാടന സമാപനത്തിൽ പ്രഖ്യാപനം നടത്താനാണ് തീരുമാനിച്ചിരുന്നത്. കോവിഡ്-19ന്റെ പശ്ചാതലത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയി രുന്നതിനാൽ പ്രസ്തുത ചടങ്ങ് മാറ്റിവെച്ചു. ജൂലൈ 3 ദുക്റാന ദിനത്തിൽ രാവിലെ 10.00 ന് നടക്കുന്ന പ്രത്യേക ദിവ്യബലിയിൽ അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമ്മികനാകും. സീറോ മലബാർ സഭാ ശ്രേഷ്ഠ






മെത്രാപോലീത്ത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പദവി പ്രഖ്യാപനം നടത്തി സന്ദേശം നൽകുന്നതാണ്. സഭാ ചാൻസലർ ഫാ. വിൻസെന്റ് ചെറുവത്തൂർ ദേവാലയത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയമാക്കി ഉയർത്തി കൊണ്ടുള്ള സിനഡിന്റെ തീരുമാനം വായിക്കുന്നതാണ്. അതിരൂപതയിലെ മറ്റു അഭിവന്ദ്യ പിതാക്കന്മാർ, വികാരി ജനറാൾമാർ എന്നിവർ തിരുകർമ്മങ്ങളിൽ പങ്കെടുക്കും. പരിപാടികൾ മീഡിയ കത്തോലിക്കാ യൂടൂബ്, ഷെക്കൈന ടെലിവിഷൻ, മറ്റു പ്രാദേശിക ചാനലുകൾ എന്നിവയിൽ തൽസമയം സംപ്രേക്ഷണം ചെയ്യുന്നതാണ്.

**2. പാലയൂരിൽ ദുക്റാന തിരുനാൾ**

അതിരൂപതയിൽ പ്രഥമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രവും ക്രിസ്തു ശിഷ്യൻമാർ തോമായാൽ സ്ഥാപിതവുമായ പാലയൂർ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധന്റെ രക്തസാക്ഷിത്വ സ്മരണകളുണർത്തുന്ന ദുക്റാന തിരുനാൾ ജൂലൈ 3 ന് ആചരിക്കുന്നു. രാവിലെ 10.00 ന് നടക്കുന്ന തിരുനാൾ തിരുകർമ്മങ്ങൾക്ക് അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികത്വം വഹിക്കുന്നു. മുഖ്യ തിരുനാളായ തർപ്പണ തിരുനാളിന്റെ കൊടികയറ്റവും അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്.

**3. പാലയൂരിൽ തർപ്പണ തിരുനാൾ ജൂലൈ 11, 12 തിയ്യതികളിൽ**

പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാൾ ജൂലൈ 11, 12 തിയ്യതികളിൽ ആഘോഷിക്കുന്നു. മാർ തോമ ശ്ലീഹ പൂർവ്വികർക്ക് മാമോദീസ നൽകി ക്രൈസ്തവ സമൂഹത്തിന് രൂപം കൊടുത്തതിന്റെ ഓർമയാചരണമാണ് തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാൾ . ജൂലൈ 11 ശനി വൈകീട്ട് ദിവ്യബലിയും തിരുകർമ്മങ്ങളും ജൂലൈ 12 ന് രാവിലെ 10 ന് തിരുനാൾ ദിവ്യബലിയും ഉണ്ടായിരിക്കും. ഷെക്കയ്ന ടെലിവിഷനിലും മീഡിയ കത്തോലിക്കായിലും മറ്റു പ്രദേശിക ചാനലുകളിലും തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**സി.കെ. ജോസ്**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹംനിറഞ്ഞ കുഞ്ഞുമക്കളെ,

അങ്ങനെ വലിയ ആരവങ്ങളൊന്നുമില്ലാതെ പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ചു. ഓൺലൈൻ ക്ലാസുകൾ വഴിയാണെ ങ്കിലും സ്കൂൾ ജീവിതത്തിന് വീണ്ടും ആരംഭം കുറിക്കാൻ സാധിച്ചതിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. സ്കൂളിൽനിന്നും മതബോധന കേന്ദ്രത്തിൽ നിന്നുമുള്ള ഓൺലൈൻ ക്ലാസുകളിൽ നിങ്ങൾ ശ്രദ്ധയോടെ പങ്കെടുക്കുന്നുണ്ട് എന്ന് ഞാൻ കരുതുന്നു. കൊറോണയുടെ ഈ കാലഘട്ടത്തിൽ പുതിയ അനുഭവങ്ങളിലൂടെ യാണ് നിങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സിനിമ കാണാനും പാട്ടു കേൾക്കാനും കളിക്കാനും മാത്രമായി ഉപയോഗിച്ചിരുന്ന ടി.വി.യും മൊബൈൽ ഫോണും ഇന്റർനെറ്റും അറിവ് നേടാനുള്ള മാധ്യമങ്ങളായി ഇന്ന് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് ആദ്യമേ തന്നെ നിങ്ങളോട് പറയാനുള്ളത് ഈ കൊറോണ കാലം കഴിഞ്ഞ് സ്കൂൾ തുറന്ന് നാം ക്ലാസുകളിൽ പോയി പഠനം ആരംഭിക്കുമ്പോഴും ഈ ടി.വി.യും മൊബൈൽ ഫോണും ഇന്റർനെറ്റും എല്ലാം അറിവ് നേടുന്നതിനുള്ള മാധ്യമങ്ങളായി തുടർന്നും നിങ്ങൾ ഉപയോഗപ്പെടുത്തണം. ഉൽപത്തി പുസ്തകത്തിൽ ഒന്നാം അദ്ധ്യായ ത്തിൽ സൃഷ്ടി വിവരണം നാം വായിക്കുന്നുണ്ട്. ഓരോ ദിവസവും താൻ സൃഷ്ടിച്ചത് നല്ലതാണ് എന്ന് ദൈവം കണ്ടു. ഈ ലോകത്തിലെ ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ നാം നന്മയ്ക്കായി ഉപയോഗപ്പെടുത്തണം.

ജൂലൈ 3-ാം തീയതി ദുക്റാന തിരുനാളാണ്. ഭാരതത്തിന്റെ അപ്പസ്തോസലനായ മാർതോമാ ശ്ലീഹായുടെ തിരുനാൾ ആചരിക്കുന്ന ദിനം. തോമാ ശ്ലീഹാ വഴിയാണ് ഭാരതം ക്രൈസ്തവ വിശ്വാസം

സ്വീകരിച്ചത് എന്നതിൽ നമുക്ക് ദൈവത്തിന് നന്ദി പറയാം. വിശുദ്ധന്റെ പാദസ്പർശമേറ്റ പാലയൂർ നമ്മുടെ അതിരൂപതയിലാണ് എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. ഉത്ഥിതനായ ക്രിസ്തുവിനെ മറ്റു ശിഷ്യന്മാർ നേരിട്ട് കണ്ടത് പോലെ തനിക്കും കാണണമെന്ന് തോമാശ്ലീഹാ ആഗ്രഹിച്ചു. അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കു കയില്ല (യോഹ. 20:25) എന്ന് തോമാ ശ്ലീഹാ പറഞ്ഞു. യേശുവിലുള്ള വിശ്വാസം വ്യക്തിപരമാകണം എന്നുള്ള ആഗ്രഹം തോമാശ്ലീഹായക്ക് ഉണ്ടായിരുന്നു. മാമ്മോദിസ സ്വീകരണത്തിലൂടെ ക്രൈസ്തവ വിശ്വാസികളായിതീർന്ന, കൂദാശകളുടെ സ്വീകരണം വഴി വിശ്വാസത്തിൽ വളർന്നുകൊണ്ടിരിക്കുന്ന, മതബോധന വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമുക്കും തോമാശ്ലീഹായെ പോലെ ഈശോയെ വ്യക്തിപരമായി അനുഭവിച്ചറിയണം എന്ന ആഗ്രഹമുണ്ടാ കണം. മാർ തോമ ശ്ലീഹായുടെ മരണതിരുനാളായ ജൂലൈ 3 ലെ ദുക്റാന തിരുനാൾ ദിനത്തിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

മറ്റൊരു പ്രധാനപ്പെട്ട വിഷയത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച്, ഈ ലോക്ക് ഡൗൺ കാലഘട്ടത്തിൽ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്ന മാനസികാരോഗ്യ പ്രശ്നമാണ് വിഷാദരോഗം. അതുകൊണ്ടുതന്നെ ആത്മഹത്യയും ആത്മഹത്യാശ്രമങ്ങളും ഇന്ന് കൂടിക്കൊണ്ടിരിക്കുന്നു. ഇതിനെ അതിജീവിക്കാനുള്ള ഏതാനും ചില കാര്യങ്ങളെപ്പറ്റിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. സമയം ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒന്നാമത്തെ കാര്യം പ്രാർത്ഥന തന്നെയാണ്. ധാരാളമായി ഒഴിവുസമയം ഉള്ള ലോക്ഡൗൺ കാലത്ത് വ്യക്തിപരമായി ജപമാല ചൊല്ലാൻ നമ്മൾ സമയം കണ്ടെത്തണം. നമ്മുടെ വീട്ടിലെ രൂപക്കൂടുകൾ എല്ലാം ദിവസവും അലങ്കരിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചാൽ കുട്ടികളായ നിങ്ങൾക്ക് പരി. അമ്മയുടെ മദ്ധ്യസ്ഥവും ശക്തിയും ആശ്രയവും എന്നുമുണ്ടാകും. ജീവിതത്തിൽ നിങ്ങൾ ഒരിക്കലും പരാജയപ്പെട്ടു പോവുകയില്ല. എല്ലാ ദിവസവും കുറച്ചു സമയം ബൈബിൾ വായനയ്ക്കായി മാറ്റി വയ്ക്കുന്നതും ഉചിതമാണ്. രണ്ടാമത്തെ കാര്യം ശാരീരിക ഉല്ലാസമാണ്. മൊബൈൽ ഫോണിലെ കളികൾ ഉപേക്ഷിച്ച് വ്യായാമം ചെയ്യുന്നതിനും ഈ ലോക്ഡൗൺ കാലഘട്ടത്തിൽ അനുവദിക്കുന്ന മറ്റു കളികളിൽ ഏർപ്പെടുന്നതിനും സമയം കണ്ടെത്തണം. പച്ചക്കറി തോട്ടവും

പൂന്തോട്ടവും നിർമ്മിക്കുക എന്നുള്ളത് കുട്ടികളായി നിങ്ങൾക്കും ചെയ്യാവുന്ന കാര്യമാണ്. അതോടൊപ്പം വീടും പരിസരവും വൃത്തിയായി സൂക്ഷിച്ച് ശുചിത്വം ജീവിതശൈലിയാക്കി മാറ്റണം. മൂന്നാമത്തെ കാര്യം നല്ല സൗഹൃദങ്ങൾ സൃഷ്ടിക്കുക എന്നതാണ്. നല്ല കാര്യങ്ങൾ ചെയ്യാൻ ഒന്നിച്ചു നിൽക്കാൻ ഉള്ള മനസ്സ് ഉണ്ടാക്കുക. നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തിന് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാൻ അവസരം ഇല്ലെങ്കിൽ അവരെ സഹായിക്കാനും അവസരമൊരുക്കാനും നമ്മൾ തയ്യാറാകണം. നാലാമതായി ഉറക്കത്തിന്റെ കാര്യമാണ്. ആവശ്യത്തിനുള്ള ഉറക്കം വേണം. എന്നാൽ കൂടുതൽ സമയം കിടന്നുറങ്ങുകയോ, തീരെ ഉറങ്ങാതെ ഇരിക്കുകയോ ചെയ്യരുത്. പകൽ കൂടുതൽ കിടന്നുറങ്ങുന്ന ശീലം ഉപേക്ഷിക്കണം. അവസാനമായി ഭക്ഷണത്തിന്റെ കാര്യം ശ്രദ്ധിക്കുക. സമയ നിഷ്ഠയോടെ ആഹാരം കഴിക്കുക. വെള്ളം ധാരാളമായി കുടിക്കുക.

ഞാൻ നിങ്ങൾക്ക് എല്ലാമാസവും കത്തുകൾ എഴുതുന്നതു പോലെ നിങ്ങൾക്കും എനിക്ക് കത്തെഴുതാം. നിങ്ങളുടെ വിശേഷങ്ങൾ പങ്കുവെച്ച്, പ്രാർത്ഥനാ സഹായം അഭ്യർത്ഥിച്ച്, വിശ്വാസകാര്യങ്ങളിലുള്ള നിങ്ങളുടെ സംശയങ്ങൾ ചോദിച്ച് നിങ്ങൾക്ക് കത്തുകൾ എഴുതാവുന്നതാണ്. ഞാൻ തീർച്ചയായും മറുപടി നൽകും.

യേശുവിൽ സ്നേഹത്തോടെ
നിങ്ങളുടെ വത്സല പിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

എല്ലാ യൂണിറ്റുകളിലും വിശ്വാസപരിശീലനവർഷം ആകർഷകമായും ആവേശത്തോടെയും ആരംഭിച്ചുവല്ലോ. നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും പി.ടി.എ.യ്ക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ അവനോടൊപ്പം പോയി മരിക്കാനുള്ള

സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ച് രക്തസാക്ഷിയായ മാർ തോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക വിശ്വാസപരിശീലനത്തെ ഫലപ്രദമായി നടത്തുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

1. **വിശ്വാസ പരിശീലനവർഷം**

   അതിരൂപതാതല ഉദ്ഘാടനം 2020 ജൂൺ 7 –ാം തിയ്യതി കാലത്ത് അതിരൂപതാകേന്ദ്രത്തിൽ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവഹിച്ചു.

   തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്യുകയും വിശ്വാസ പരിശീലനകേന്ദ്രം തയ്യാറാക്കിയ ഷോർട്ട് ഫിലിം 'ടീച്ചറമ്മ'യുടെ പ്രകാശനം നിർവഹിക്കുകയും ചെയ്തു. ഇടവകതലത്തിലും സാധ്യമായ വിധത്തിൽ വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം നിർവഹിച്ചുകാണുമല്ലോ.

2. **അധ്യാപകസഹായി**

   ഞായറാഴ്ച വിശ്വാസപരിശീലനം Std. I - X ടെക്സ്റ്റ് പുസ്തകങ്ങളെ ആധാരമാക്കി അധ്യാപകസഹായി റിലീജിയസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുള്ള ഈ പുസ്തകം ബന്ധപ്പെട്ട അധ്യാപകർക്ക് യൂണിറ്റുകൾ വാങ്ങി കൊടുക്കേണ്ടതാണ്.

3. **Contact Class** XI, XII

   ആദ്യത്തെ ക്ലാസ്സ് ജൂലൈ 19 ന് ആണ്. ഈ സംവിധാനത്തിൽ ചേരുന്നതിനുള്ള രജിസ്ട്രേഷൻ ഫോം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ ലഭ്യമാണ്. അപേക്ഷകൾ ബഹു. യൂണിറ്റ് ഡയറക്ടറുടെ ശിപാർശ സഹിതം സോഫ്റ്റ് വെയറിൽ ആവശ്യമായ രേഖകൾ Update ചെയ്ത് 2020 ജൂലായ് 10 ന് മുമ്പ് വിശ്വാസ പരിശീലനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

4. **പ്രതിഭാ പരിശീലനം : Stds. VIII, IX, X & XI** (അതിരൂപതാബുള്ളറ്റിൻ 2020 ജൂൺ പേജ് 65–66 കാണുക)

   ഏകദിന പരിശീലനക്യാമ്പ് തിയതികൾ: 9:30 AM to 4:30 PM; DBCLC

   Std. XI : 2020 ജൂലൈ 19 ഞായർ

   Std. X : 2020 ജൂലൈ 26 ഞായർ

   Std. IX : 2020 ഓഗസ്റ്റ് 2 ഞായർ

   Std. VIII : 2020 ഓഗസ്റ്റ് 9 ഞായർ

**NB:** ക്യാമ്പിൽ വി. കുർബാന ഉണ്ടായിരിക്കും; പങ്കെടുക്കുന്നവർക്ക് അന്നേ ദിവസത്തെ ഹാജർ ലഭിക്കുന്നതായിരിക്കും.

**5. Advanced C. T. C.** (ഒരു ബാച്ചുമാത്രം)

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. താഴെപ്പറയുന്ന 13 ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെയായിരിക്കും ക്ലാസ്സുകൾ. കോഴ്സ് സൗജന്യമായിരിക്കും. പങ്കെടുക്കുന്നവർ ഓഗസ്റ്റ് 5–നുമുമ്പ് പേര് രജിസ്റ്റർ ചെയ്യണം. ക്ലാസ്സ് തിയ്യതികൾ:

സെപ്റ്റംബർ 6, 13, 20, 27, ഒക്ടോബർ 11, 18, നവംബർ 1, 15, 22, 29, ഡിസംബർ 6, 20, 26.

**6. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായി ചേർത്തിട്ടില്ലെങ്കിൽ ജൂലൈ 15നകം ചേർക്കേണ്ടതാണ്. അല്ലാതെയുള്ള അധ്യാപകർ അവാർഡ് ലിസ്റ്റിൽ ഉൾപ്പെടില്ല. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ നിശ്ചിതസമയത്തിനകം കൃത്യമാക്കണം.

**7. യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റ് ജൂലായ് 19ന് ആരംഭിച്ച് അർദ്ധവാർഷിക പരീക്ഷയ്ക്ക് മുമ്പ് അവസാനിപ്പിക്കുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. സന്ദർശന തിയ്യതികൾ നിശ്ചയിച്ചിട്ടുള്ളത് Blog-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റമുണ്ടെങ്കിൽ അറിയിക്കുന്നതാണ്.

വിസിറ്റിനു വരുന്ന ടീമിലെ അംഗങ്ങൾക്ക് ഭക്ഷണവും യാത്രാചിലവും (ഒരാൾക്ക് കൂടിയത് 150 രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്ന് നൽകേണ്ടതാണ്.

**8. റിസോഴ്സ് ടീം പരിശീലനം & ആനിമേഷൻ കോഴ്സ്**

| | | |
|---|---|---|
| സമയം | : | ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെ |
| സ്ഥലം | : | DBCLC |

**തിയ്യതികൾ : ജൂലൈ 26, ആഗസ്റ്റ് 2, 9, 23,30.**

**9. Basic CTC Course**

അടുത്ത **Basic CTC** 2020 ആഗസ്റ്റ് 7 വെള്ളി 5PM മുതൽ ആഗസ്റ്റ് 9 ഞായർ 4PMവരെ നടത്തുന്നതാണ്. **CTC** യിൽ പങ്കെടുക്കേണ്ട അധ്യാപകരെ വിശ്വാസപരിശീലന സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരാൾക്ക് 250 രൂപ) വിശ്വാസപരിശീലനകേന്ദ്രത്തിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**10. മുടങ്ങാതെ വന്ന അധ്യാപകർക്ക് അവാർഡ്**

തുടർച്ചയായി മുടങ്ങാതെ വന്ന അധ്യാപകരുണ്ടെങ്കിൽ (10, 15, 25, 35, 45 വർഷങ്ങൾ) അവരെ പ്രത്യേകമായി ആദരിക്കുന്നതാണ്. അവരുടെ പേരുകൾ ആഗസ്റ്റ് 31 നു മുമ്പ്, ബഹു. യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന കത്തോടുകൂടി, വിശ്വാസപരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**11. പി. ടി. എ. ജനറൽ ബോഡി യോഗം യൂണിറ്റുകളിൽ**

സാഹചര്യം അനുകൂലമായാൽ എത്രയും പെട്ടെന്ന് പി.ടി.എ. ജനറൽ ബോഡി യോഗം ഇടവകയിൽ കൂടുമല്ലോ.യോഗം കൂടി വാർഷിക വിശ്വാസപരിശീലനസഹായക പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, പി. ടി. എ. ഭാരവാഹികളും അധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് കൂടുതൽ ഫലദായകത്വം ഇടവകയിൽ ലഭിക്കുന്നത്.

**12. ഓൺലൈൻ ക്ലാസുകൾ**

**പൊതുവിവരങ്ങൾ**

1. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ വിശ്വാസപരിശീലനത്തിന്റെ ഭാഗമായുള്ള ക്ലാസ്സുകൾ ഈ വർഷം ഷെക്കെയ്ന ടിവി / മീഡിയാ കത്തോലിക്കാ യുട്യൂബ് ചാനൽ എന്നിവയിലൂടെ തൃശ്ശൂർ അതിരൂപതാകേന്ദ്രത്തിൽ നിന്ന് സംപ്രേഷണം ചെയ്യുന്നതാണ്. എല്ലാ ഇടവകകളും സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന പാഠാവലിപ്രകാരമുള്ള അതിരൂപത ക്ലാസുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ.
2. എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും ഈ ക്ലാസ്സുകളിൽ സംബന്ധിക്കേണ്ടതാണ്.

3. 2020 ജൂൺ 8–ാം തിയതി മുതൽ ക്ലാസ്സുകൾ ഔദ്യോഗികമായി ആരംഭിച്ചു. ഓരോ ദിവസവും 2 വർഷക്കാരുടെ ക്ലാസ്സുകൾ 15 മിനിറ്റ് വീതം സംപ്രേഷണം ചെയ്തുവരുന്നു. ഒരു അധ്യായത്തിന്റെ പകുതിഭാഗമായിരിക്കും ഒരു ദിവസത്തെ ക്ലാസ്സിൽ അവതരിപ്പിക്കുന്നത്.
4. സംപ്രേഷണസമയത്ത് ക്ലാസ്സിൽ ഏതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ മീഡിയ കത്തോലിക്ക യുട്യൂബ് ചാനലിൽ അവ ലഭിക്കുന്നതാണ്.
5. ഓരോ ദിവസവും നൽകപ്പെടുന്ന ഹോംവർക്ക് കൃത്യമായി ചെയ്ത് അടുത്ത ക്ലാസ്സിനു മുമ്പായി ക്ലാസ്സ്ടീച്ചർക്ക് അയയ്ക്കുന്ന കുട്ടികൾക്കാണ് ഹാജർ ലഭിക്കുക.
6. സാധാരണ നിലയിലുള്ള വിശ്വാസ പരിശീലനക്ലാസ്സുകൾ പുനരാരംഭിച്ചാലും മാധ്യമത്തിലൂടെയുള്ള ക്ലാസ്സുകൾ തുടരുന്നതാണ്. അപ്പോൾ ഇവ ഞായറാഴ്ച ക്ലാസ്സുകൾക്ക് ഒരുങ്ങുന്നതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉള്ള സഹായിയായിരിക്കും. അതിലെ പങ്കാളിത്തം ഹോംവർക്ക് എന്നിവ ഇന്റേണൽ മാർക്കിന് പരിഗണിക്കാവുന്നതുമാണ്.

**ക്ലാസ്സുകളുടെ സമയക്രമവും ദിവസവും താഴെകൊടുക്കുന്നു.**

| | |
|---|---|
| തിങ്കൾ: | Std. 1: 5.30 PM - 5.45 PM |
| | Std. II : 5.45 PM - 6.00- PM |
| ചൊവ്വ: | Std. III5.30 PM - 5.45 PM |
| | Std. IV : 5.45 PM - 6.00 PM |
| ബുധൻ: | Std. V: 5.30 PM - 5.45 PM |
| | Std. VI 5.45 PM - 6.00 PM |
| വ്യാഴം: | Std. VII: 5.30 PM - 5.45 PM |
| | Std. VIII : 5.45 PM - 6.00 PM |
| വെള്ളി: | Std. IX: 5.30 PM - 5.45 PM |
| | Std. X: 5.45 PM - 6.00 PM |
| ശനി: | Std.XI: 5.30 PM - 5.45 PM |
| | Std. XII : 5.45 PM - 6.00 PM |
| ഞായർ: | ACC (യൂത്ത്/ഫാമിലി) 5.30 PM - 6.00 PM |

**മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങൾ**

1. കോവിഡ് കാലത്ത് വിശ്വാസപരിശീലനത്തിന്റെ എല്ലാ കാര്യങ്ങളും കുടുംബങ്ങളിലാണ് നടക്കുന്നത്.
2. മാതാപിതാക്കൾക്ക് അതിനാൽതന്നെ ചില പ്രത്യേക ഉത്തരവാദിത്വങ്ങൾ ഉണ്ട്.

3. ഷെക്കെയ്ന/ മീഡിയ കത്തോലിക്ക (യുട്യൂബ്) ചാനലുകളിൽ വരുന്ന ക്ലാസ്സിൽ മുടങ്ങാതെ കുട്ടികളെ പങ്കെടുപ്പിക്കുക.
4. സാധിക്കുന്നിടത്തോളം മാതാപിതാക്കളും ക്ലാസ്സിൽ പങ്കെടുക്കുക. കുട്ടികൾക്ക് വിവരിച്ചുകൊടുക്കുക.
5. ചാനൽ ക്ലാസ്സു കഴിഞ്ഞാൽ പാഠഭാഗം വായിച്ച് പഠിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
6. ക്ലാസ്സിന്റെ ഭാഗമായുള്ള ഹോംവർക്ക് കുട്ടികൾ ചെയ്ത് ക്ലാസ്സ് ടീച്ചർക്ക് അടുത്ത ക്ലാസ്സിനു മുമ്പായി അയച്ചുകൊടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുക. ഇതിനനുസരിച്ചായിരിക്കും കുട്ടികൾക്ക് അറ്റൻഡൻസ് ലഭിക്കുക.
7. ടിവിയിലോ യുട്യൂബിലോ വരുന്ന ക്ലാസ്സിൽ പങ്കെടുക്കാൻ സാധ്യതയില്ലാത്ത കുട്ടികളുള്ള കുടുംബങ്ങൾ അതിനു സാധ്യതയുള്ള മറ്റേതെങ്കിലും കുട്ടിയുടെ കുടുംബവുമായി ചേർന്ന് പഠനസൗകര്യം ഒരുക്കുക.
8. നിങ്ങളുടെ കുട്ടിക്ക് ടിവി സൗകര്യമോ സ്മാർട്ട് ഫോൺ സൗകര്യമോ ഇല്ലാത്ത കുട്ടികൾ കൂട്ടുകാരായുണ്ടെങ്കിൽ (കുട്ടികളോട് ചോദിച്ച് മനസ്സിലാക്കേണ്ടതാണ്) നിങ്ങളുടെ കുട്ടിയുടെ കൂടെ അവരെകൂടി ക്ലാസ്സിൽ പങ്കെടുപ്പിക്കാൻ ഉത്സാഹിക്കേണ്ടതാണ്.

**അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ**

1. ടെക്സ്റ്റ് ബുക്കുകൾ കു കുട്ടികളുടെ വീടുകളിൽ എത്തിച്ചു നല്കുക
2. ക്ലാസ്സ് ടീച്ചർമാർ കുട്ടികളും ടീച്ചറും മാത്രമുള്ള വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുക. പ്രധാനാധ്യാപകർ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.
3. എല്ലാ വിദ്യാർത്ഥികളെയും ഫോണിൽ വിളിച്ച് ടിവിയിലെ പാഠഭാഗം, ക്ലാസ്സ് ദിവസം, സമയം, തുടങ്ങിയ കാര്യങ്ങൾ അറിയിക്കുക പരിചയപ്പെടുത്തുക. ഇടയ്ക്ക് കുട്ടികളെ വിളിച്ച് പങ്കെടുക്കാൻ ഓർമ്മിപ്പിക്കുക.
4. മാതാപിതാക്കളുമായി സംസാരിക്കുക. ടിവിയിലെ/യുട്യൂബ് ചാനലിലെ ക്ലാസ്സിനെക്കുറിച്ച് പരിചയപ്പെടുത്തുക. കുട്ടികളെ ക്ലാസ്സിൽ പങ്കെടുപ്പിക്കാൻ ഓർമ്മിപ്പിക്കുക.
5. ഹോംവർക്ക് യഥാസമയം പരിശോധിച്ച് ഹാജർ രേഖപ്പെടുത്തേണ്ടതാണ്. കുട്ടികളെ താല്പര്യം വർദ്ധിപ്പിക്കുന്നതിന് ക്ലാസ്സിൽ നൽകപ്പെടുന്ന ഹോംവർക്കിനു പുറമെ ക്രിയാത്മകമായ മറ്റ് കാര്യങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.
6. ടിവിയിലോ യുട്യൂബിലോ വരുന്ന ക്ലാസ്സിൽ പങ്കെടുക്കാൻ സാധ്യതയില്ലാത്ത കുട്ടികൾക്ക് അതിനു സാധ്യതയുള്ള മറ്റേതെങ്കിലും

കുട്ടിയുടെ കുടുംബവുമായി ചേർന്ന് പഠനസൗകര്യം ഒരുക്കുക. സമീപത്തുള്ള മറ്റൊരുകുട്ടിയുടെ കുടുംബത്തോട് സംസാരിച്ച് ക്രമീകരിച്ച് കൊടുക്കുക.

7. ഇന്റർനെറ്റ് ഉപയോഗത്തിന് ബുദ്ധിമുട്ടുള്ള അദ്ധ്യാപകർക്ക് സാധിക്കുന്ന മറ്റദ്ധ്യാപകർ സഹായഹസ്തം നല്കുക.

Media Catholica Link : Https://Www.youtube.com/Usert/Richurarchdiocese

**SCHOLARSHIP RANKLIST 2019-2020**

**MORAL SCIENCE SCHOLARSHIP EXAM RANK LIST 2019-2020**

**STD. IV**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Rayhan Saji | MS 04201038 | Thrissur, Sacred Heart CLPS | 1 |
| 2 | Theertha Ajith | MS 04201040 | Thrissur, Sacred Heart CLPS | 1 |
| 3 | Nandana V. V. | MS 04201039 | Thrissur, Sacred Heart CLPS | 2 |
| 4 | Anushka P. M. | MS 04201072 | Cheralayam, Holy Child CGUPS | 3 |
| 5 | Sreeganga K. | MS 04201083 | Mammiyur, LF Eng.Med.LPS | 4 |
| 6 | Sana Fathima K. Kareem | MS 04201082 | Mammiyur, LF Eng.Med.LPS | 5 |
| 7 | Aiswarya M. S. | MS 04201033 | Puttekkara, St.Mary's CLPS | 5 |

**STD. VII**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Adwaitha P. S. | MS 07202074 | Ollur, St.mary's CGHS | 1 |
| 2 | Anamika C. S. | MS 07202048 | Cheralayam, Holy Child CGUPS | 2 |
| 3 | Hrudya K. S. | MS 07202064 | Ponnani,Vijayamatha EMHSS | 2 |
| 4 | Devika P. | MS 07202075 | Ollur, St.Mary's CGHS | 2 |
| 5 | Anakha T. P. | MS 07202047 | Cheralayam, Holy Child CGUPS | 3 |
| 6 | Devika Rajan | MS 07202061 | Pavaratty, Christ King CGHS | 3 |
| 7 | Avanthika C. S. | MS 07202063 | Ponnani,Vijayamatha EMHSS | 3 |
| 8 | Sree Parvathy T.S. | MS 07202071 | Kuriachira, St.Paul's CBSE | 4 |
| 9 | Sreya T. Ramesh | MS 07202008 | Chembukkavu, Holy Family CGHS | 5 |
| 10 | Gouri Das A. | Ms 07202078 | Pudukad, St.Xavier's CUPS | 5 |
| 11 | Garima C. B. | MS 07202062 | Pavaratty, Christ King CGHS | 5 |
| 12 | Gokul Krishna E. | MS 07202036 | Manalur, St.Teresa's UPS | 5 |

**STD. X**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Shamla P. M. | MS 10203050 | Pavaratty, Christ King CGHS | 1 |
| 2 | Soorya Gayathri M. | MS 10203052 | Ponnani,Vijayamatha Emhss | 1 |
| 3 | Basima K. S. | MS 10203025 | Thrissur, Sacred Heart CGHS | 2 |
| 4 | Ambilythara C. S. | MS 10203067 | Peringottukara, Seraphic CGHS | 3 |
| 5 | Nandana M. Raj | MS 10203051 | Ponnani,Vijayamatha EMHSS | 4 |

| | | | | |
|---|---|---|---|---|
| 6 | Helen John | MS 10203002 | Aranattukara, Infant Jesus GHS | 5 |
| 7 | Anjana Krishna V. R. | MS 10203033 | Kandassankadavu, SH of MCGHS | 5 |
| 8 | Parvathy P. S. | MS 10203035 | Kandassankadavu, SH of MCGHS | 5 |

**STD. XII**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Sandra C. S. | MS 12204009 | Mammiyur, LFCGHSS | 1 |
| 2 | Aleena P. R. | MS 12204005 | Thrissur,St.clare's CGHSS | 2 |
| 3 | Angel Maria Paul | MS 12204006 | Thrissur,St.clare's CGHSS | 3 |
| 4 | Theresa Simon | MS 12204010 | Mammiyur, LFCGHSS | 4 |
| 5 | Dhilshana M. R. | MS 12204011 | Chelakkara, LFCGHSS | 5 |

## SCHOOL CATECHISM SCHOLARSHIP EXAM RANK LIST 2019-2020

**STD. IV**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Ann Rose C. V. | SC 04201027 | Thrissur, Sacred Heart Clps | 1 |
| 2 | Chrisbella Baju | SC 04201029 | Thrissur, Sacred Heart Clps | 2 |
| 3 | Hanna Jose | SC 04201088 | Ollur, St.raphael's Clps | 3 |
| 4 | Rosna T. D. | SC 04201090 | Ollur, St.raphael's Clps | 4 |
| 5 | Annceline Johnson | SC 04201028 | Thrissur, Sacred Heart Clps | 5 |

**STD. VII**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Christeena Sunil | SC 07202016 | Thrissur, Sacred Heart Cghs | 1 |
| 2 | Anila Shaju | SC 07202015 | Thrissur, Sacred Heart Cghs | 2 |
| 3 | Elna Rose Shajan | SC 07202046 | Pavaratty, Christ King Cghs | 3 |
| 4 | Angel Maria Varghese | SC 07202014thrissur, Sacred Heart Cghs | | 4 |
| 5 | Alena E. S. | Sc07202043 | Mammiyur, Lfcghs | 5 |

**STD. X**

| No | Name | Register No. | School | Rank |
|---|---|---|---|---|
| 1 | Neha Jimmy T. | SC 10203035 | Pavaratty, Christ King Cghs | 1 |
| 2 | Jima Maria Joju | SC 10203026 | Kandassankadavu, Sh Of Mcghs | 2 |
| 3 | Ardra Mariya Shasi | SC 10203003 | Chembukkavu, Holy Family Cghs | 3 |
| 4 | Liya Saji | SC 10203007 | Nellikkunnu, St.sebstian's Cghs | 4 |
| 5 | Sharon Shaji | SC 10203042 | Ollur, St.mary's Cghs | 5 |

Congratulations….

ആശംസകളോടെ,

Fr. Royson Kollannur
Fr. Jikson Malokkaran
Fr. Justin Poozhikunnel
Asst. Directors

Fr. Francis Aloor
Director

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:**
   ബെൽജിയം ലുവെൻ യുണിവേഴ്സിറ്റിയുടെ ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30 AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office-മായി ബന്ധപ്പെടുക.

2. **Correspondence Theology Course:**
   24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ 2 വർഷം കൊണ്ടോ മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ടോ പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2020 ജൂലൈയ് മാസത്തിൽ ആരംഭിക്കുന്നു. പ്രതിമാസം രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം Institute of Theology Office –ൽ പേരുകൾ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.
   Paper 3, Paper 4 ന്റെ നടത്താനുള്ള പരീക്ഷകൾ (One Year & Two Years Theology ) ലോക്ഡൗൺ തടസ്സമില്ലെങ്കിൽ July മാസത്തിൽ 2 PM മുതൽ 5 PM വരെ നടത്തുന്നതായിരിക്കും.

3. **Six Month Theology Course:**
   സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research , Calicut University അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **പുതിയ അധ്യയനവർഷം**

കോവിഡ് – 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വൈദികവിദ്യാർത്ഥികളുടെ സാന്നിധ്യം ഇല്ലാതെയാണ് മേരിമാതയുടെ 23–ാം അധ്യയനവർഷം (2020–2021) 2020 ജൂൺ 1–ാം തിയ്യതി സമാരംഭിച്ചത്. രാവിലെ 10.30ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദീപം തെളിയിച്ച് അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിശുദ്ധ കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം കഴിഞ്ഞ അദ്ധ്യയനവർഷത്തെ റാങ്കുജേതാക്കളെ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ബഹു. ഫാ. പോൾ പുളിക്കൻ പ്രഖ്യാപിച്ചു. വിശുദ്ധ കുർബ്ബാനയും റാങ്ക് പ്രഖ്യാപനവും തത്സമയം മീഡിയ കത്തോലിക്ക യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തിരുന്നു.

പുതിയ അധ്യയന വർഷത്തിൽ തത്വശാസ്ത്രവിഭാഗത്തിൽ എൺപത്തിയേഴും ദൈവശാസ്ത്രവിഭാഗത്തിൽ എഴുപതും വൈദികവിദ്യാർത്ഥികളാണ് പരിശീലനത്തിലുള്ളത്. ഇവരിൽ 55 പേർ നവാഗതരാണ്.

2. **നവമാധ്യമങ്ങളിലൂടെയുള്ള അധ്യാപനം**

കോവിഡ് – 19 പ്രതിസന്ധിമൂലം സാധാരണ രീതിയിലുള്ള അധ്യാപനം ആരംഭിക്കാൻ സാധിക്കായ്കയാൽ 2020 ജൂൺ 2 മുതൽ നവമാധ്യമങ്ങളിലൂടെയുള്ള അധ്യാപനം ആരംഭിച്ചു. ഓൺലൈനായും ഓഫ് ലൈനായും ക്ലാസുകൾ സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്നു.

3. **മാസധ്യാനം**

ഈ അധ്യയനവർഷത്തെ പ്രഥമ മാസധ്യാനം ജൂൺ 5, 6 തിയ്യതികളിലായി നടന്നു. ബഹു. മൈക്കിൾ കാരിമറ്റം അച്ചനാണ് ധ്യാന

വിചിന്തനങ്ങൾ പങ്കുവച്ചത്. ഇന്റർനെറ്റ് വഴി ധ്യാനവിചിന്തനങ്ങൾ വിദ്യാർത്ഥികൾക്ക് സംലഭ്യമാക്കിയാണ് മാസധ്യാനം സംഘടിപ്പിച്ചത്. ക്രിസ്തുശിഷ്യത്വത്തെക്കുറിച്ചാണ് അച്ചൻ പ്രധാനമായും സംസാരിച്ചത്.

4. **ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. റെവ. സി. സുപ്പീരിയർ, ബ്ലസഡ് സാക്രമെന്റ് എഫ്. സി. കോൺവെന്റ്, മരത്താക്കര.
2. ശ്രീ. ബേബി P. V. & ശ്രീമതി. ആനി T. P., പാലിയേക്കര ഹൗസ്, കുരിയച്ചിറ.

**Wellwisher Membership**

1. ശ്രീ. എം. സി. ജോർജ്ജ്, മുട്ടത്ത് ഹൗസ്, കുരിയച്ചിറ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ചിരിയുടെ പിതാവിന് യാത്രാമൊഴി**

അരനൂറ്റാണ്ടിലേറെ, ഏതാണ്ട് അറുപത്തിയൊമ്പത് വർഷത്തോളം ജൂബിലി മിഷന്റെ ചരിത്രത്തിൽ ഒളിമങ്ങാത്ത കൈയ്യൊപ്പ് ചാർത്തി 'ചിരിയുടെ പിതാവ്' അരങ്ങൊഴിയുകയാണ്. അറുപത് വർഷം മുമ്പ് ചീഫ് മെഡിക്കൽ ഓഫീസറായി മിഷൻ ആശുപത്രിയിൽ ചാർജ്ജെടുത്ത എഡൻവാല ഡോക്ടർ ഒരായുസ്സ് മുഴുവനും കൊണ്ട് ജീവിച്ചു രചിച്ചത് 'സ്നേഹസേവനത്തിന്റെ' മഹാകാവ്യമാണ്. ഒരുപക്ഷേ ഒരേ ഹോസ്പിറ്റലിൽ അറുപത് വർഷത്തിലേറെ തുടർച്ചയായി ശസ്ത്രക്രിയാവിദഗ്ദ്ധൻ എന്ന നിലയിൽ സേവനമനുഷ്ഠിച്ച വേറെ ഒരു ഡോക്ടർ ഉണ്ടോ എന്ന

കാര്യം സംശയമാണ്.

1930 ജൂൺ അഞ്ചിന് മഹാരാഷ്ട്രയിലെ അഹമ്മദ് നഗറിൽ ജനിച്ച ഹിർജി സൊരാബ് എഡൻവാല 1959 ഓഗസ്റ്റ് പത്തിനാണ് ജൂബിലിയിൽ സേവനം ആരംഭിച്ചത്. മോൺ മാത്യു മുരിങ്ങാത്തേരി അച്ചന്റെ നേതൃത്വത്തിൽ വെറും ഇരുപത് ബെഡ്ഡുകളോടെ ആരംഭിച്ച ആശുപത്രിയെ മധ്യകേരളത്തിലെ അറിയപ്പെടുന്ന മുൻനിര ആശുപത്രികളിൽ ഒന്നാക്കി മാറ്റിയതിൽ എഡൻവാല ഡോക്ടർ വഹിച്ച പങ്ക് ചെറുതല്ല. പ്രധാനമായും ശസ്ത്രക്രിയകളിലൂടെയാണ് തന്റെ ആതുരസേവനവിപ്ലവത്തിന് അദ്ദേഹം നാന്ദി കുറിച്ചത്. അതിൽ തന്നെ പിന്നീട് മുറിച്ചുണ്ട് ശസ്ത്രക്രിയകളിലാണ് അദ്ദേഹം ഏറെ ശ്രദ്ധചെലുത്തിയത്. ഏതാണ്ട് പതിനെട്ടായിരത്തോളം കുഞ്ഞുങ്ങൾക്കാണ് അദ്ദേഹം ശിശുത്വത്തിന്റെ നിഷ്കളങ്കമായ പുഞ്ചിരി തിരിച്ചുനൽകിയത്. അതിനിടയിൽ ന്യൂയോർക്കിലെ സ്മൈൽ ട്രെയിൻ പ്രസ്ഥാനവുമായി സഹകരിച്ച് 1999 മുതൽ എണ്ണായിരത്തിഅഞ്ഞൂറോളം സൗജന്യ ശസ്ത്രക്രിയകൾ നടത്താനും അദ്ദേഹത്തിന് സാധിച്ചു. 2013–ൽ ജൂബിലിയിലെ തിരക്കേറിയ ഔദ്യോഗിക ജീവിതത്തിൽ നിന്നും മാറിയെങ്കിലും പ്രതിമാസം 15 ദിവസങ്ങളോളം അദ്ദേഹം ഭാഗികമായി തന്റെ ശുശ്രൂഷ തുടർന്നു വരികയായിരുന്നു. 'വിശ്രമം സേവനത്തിന്' എന്ന കുണ്ടുകുളം പിതാവിന്റെ ആപ്തവാക്യത്തിന്റെ മകുടോദാഹരണം കൂടിയായി മാറുകയായിരുന്നു ഈ മഹാവൈദ്യൻ. തന്റെ ജീവിതമാതൃക വഴി അസൂയാവഹമായ സ്ഥാനമാണ് ഈ വന്ദ്യവൈദ്യൻ നേടിയെടുത്തത്.

തൃശ്ശൂരിന്റെ മദർ തെരേസയെന്നും, Smile Maker of Jubilee Mission എന്നുമൊക്കെ അപരനാമങ്ങളിൽ അറിയപ്പെടുന്ന എച്ച്. എസ്. എഡൻവാല ഡോക്ടറുടെ മായാത്ത ഓർമ്മകൾ ജൂബിലിയെ ഏറെക്കാലം മുന്നോട്ടു നയിക്കട്ടെ എന്ന പ്രാർത്ഥനയാണ് ജൂബിലി കുടുംബത്തിന് പങ്ക് വെയ്ക്കാനുള്ളത്. ചിരിയുടെ പിതാവിന്റെ മുമ്പിൽ നമ്രശിരസ്ക്കരായി നമുക്ക് സേവനപാതയിൽ മുന്നേറാം

**2. ജൂബിലിയിൽ വൈസർ ഷീൽഡ് ഫേസ് മാസ്ക് വിതരണം ചെയ്തു**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയും, യു.എസിലെ പി.എസ്.ജി. ഗ്രൂപ്പ് സി.ഇ.ഒ.യുമായ ജിബി പാറയ്ക്കലും സംയുക്തമായി കേരളത്തിലെ വിവിധ രൂപതകളിലെ ആശുപത്രികളിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കും ഉപയോഗിക്കാനുള്ള വൈസർ ഷീൽഡ് ഫേസ് മാസ്ക് വിതരണം

ചെയ്തു.

കോവിഡ്–19 പ്രതിരോധ പ്രവർത്തകർക്കുള്ള ഷീൽഡ് ഫേസ് മാസ്കുകളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലവും ഡയറക്ടർ ഫാ. ജിയോ കടവിയും ചേർന്ന് ആർച്ച്ബിഷപ്പിന് മാസ്കുകൾ കൈമാറി. ആർച്ച്ബിഷപ്പ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസ്സോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്തിന് മാസ്കുകൾ കൈമാറി. രൂപത പ്രസിഡന്റ് അഡ്വ. ബിജു കുണ്ടുകുളം, ഗ്ലോബൽ സെക്രട്ടറി തൊമ്മി പിടിയത്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. ബിൻസ് എം. ജോൺ, ജോൺസൺ ജോർജ്, റിൻസ മണവാളൻ തുടങ്ങിയവർ സംസാരിച്ചു.

3. **പുതിയ ഡോക്ടർ**
   - ഡോ. മോൻസി എഡ്വേർഡ് (ക്ലിനിക്കൽ സൈക്കോളജി വിഭാഗം)
4. **ഡയാലിസിസിന് സംഭാവന**
   - ശ്രീ. ബൈജു ജോസഫ്, ചിറമ്മൽ ഹൗസ്, മണലൂർ പി. ഒ., തൃശ്ശൂർ (71 ഡയാലിസിസ്)
5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന**
   - ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




1. **ലോക്ഡൗൺ– ഏദൻതോട്ട മത്സരം**

ഗ്ലോബൽ സമിതിയുടെ നിർദേശപ്രകാരം ലോക്ഡൗൺ കാലഘട്ടത്തിൽ സംഘടിപ്പിക്കുന്ന ഏദൻതോട്ട മത്സരത്തിന്റെ രജിസ്ട്രേഷൻ സമാപിക്കുകയും–മത്സരവിധിനിർണയം ആദ്യഘട്ടം ജൂൺമാസം

പകുതിയോടുകൂടി ആരംഭിച്ചു. ജൂലൈ മാസത്തിൽ മത്സരത്തിന്റെ അന്തിമഘട്ടത്തിലേക്ക് പ്രവേശിക്കും.

2. **ഷോർട്ട് ഫിലിം മത്സരം**

ഇടവകകൾക്കായി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിച്ചു. ജൂൺ മാസം 10ന് ആയിരുന്നു രജിസ്ട്രേഷൻ അവസാന തിയ്യതി. മത്സരത്തിന്റെ വിധിനിർണയം പൂർത്തിയാകുന്നു.

3. **ആരാധനാലയങ്ങൾ തുറക്കാത്തതിൽ പ്രതിഷേധം**

ലോക്ഡൗൺ ഇളവുകളിൽ ആരാധനാലയങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ജൂൺ ആദ്യദിനത്തിൽ ഭരണാധികാരികൾക്ക് എഴുത്തുകൾ അയക്കുകയും തൃശ്ശൂരിൽ അതിരൂപതസമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുകയും ചെയ്തു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




1. **ഹരിതം ജൈവ പച്ചക്കറി കിറ്റുമായി കെ.സി.വൈ.എം.**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 'ഹരിതം' പദ്ധതിയുടെ ഭാഗമായി കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ 'ഹരിതം' പച്ചക്കറി ജൈവകൃഷി കിറ്റ് വിതരണം ചെയ്യുന്നു. 5 തരം വിത്തുകൾ അടങ്ങിയ കിറ്റിൽ 2 ജൈവകീടനാശിനിയും, വിത്ത് മുളപ്പിക്കാവുന്ന 49 കള്ളികൾ അടങ്ങിയ ട്രേയും, ചാണകപ്പൊടിയും, ചകിരിച്ചോറും, 10 മീഡിയം സൈസ് ഗ്രോ ബാഗും കിറ്റിൽ ഉൾപ്പെടുന്നു. കിറ്റ് ഒന്നിന് 115/– രൂപയാണ്. 1500 ഓളം കിറ്റുകൾക്കുള്ള ഓർഡറുകൾ ലഭിച്ചു കഴിഞ്ഞു.

2. **വേൾഡ് വൈഡ് ബിഗ് മ്യൂസിക്ക് മത്സരം**

കെ.സി.വൈ.എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ മലയാള സിനിമാഗാന മത്സരം ഒരുക്കുന്നു. ജാതി–മതഭേദമെന്യേ എല്ലാവർക്കും പ്രായപരിധിയില്ലാതെ ലോകത്തിന്റെ ഏതു കോണിൽനിന്നുകൊണ്ടും ഈ മത്സരത്തിൽ പങ്കെടുക്കാം.

3. **പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പെർ ഡേ 10 മിനിറ്റ്സ് ചലഞ്ച്**

ജൈവകൃഷിയുമായി കെ.സി.വൈ.എം. യുവജനങ്ങൾ മണ്ണിലേക്ക് എന്ന ആപ്തവാക്യവുമായി അതിരൂപതയിലെ യുവജനങ്ങൾ പച്ചക്കറി വിത്തുകൾ നട്ടുകൊണ്ട് ജൂൺ 5 ന് രാവിലെ 7 മണിക്ക് അതിരൂപത ക്യാമ്പൈൻ നടത്തി. ആയിരത്തോളം യുവജനങ്ങൾ ഈ ക്യാമ്പൈനിൽ പങ്കെടുത്തു. ക്യാമ്പൈനിന്റെ ഔദ്യോഗിക ഉദ്ഘാടനം പുറനാട്ടുകര ഇടവക വികാരി ഫാ. ജോജു പനയ്ക്കൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് പച്ചക്കറി തൈ കൈമാറിക്കൊണ്ടാണ് ഉദ്ഘാടനം ചെയ്തത്.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ ജോയ്** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |




## സി.എൽ.സി.

1. **മൈ ട്രീ ചലഞ്ചുമായി അതിരൂപത സി.എൽ.സി.**

ലോക്ക്ഡൗൺ കാലഘട്ടത്തിൽ ലോക പരിസ്ഥിതി ദിനം വിപുലമായി ആഘോഷിക്കാനാവാത്ത സാഹചര്യത്തിൽ മൈ ട്രീ ചലഞ്ചുമായി അതിരൂപത സി എൽ സി. മരിയമക്കൾ ഹരിത രാഷ്ട്ര നിർമ്മിതിക്കായ് എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ടു അതിരൂപത തലത്തിൽ നടക്കുന്ന ഈ ചലഞ്ചിന്റെ ഉത്ഘാടനം 05/06/2020 (വെള്ളിയാഴ്ച) രാവിലെ 8 മണിക്ക് തൃശൂർ ആർച്ചു ബിഷപ്പ് ഹൗസിൽ വെച്ച് തൃശൂർ അതിരൂപത മെത്രാപോലീത്ത അ

ഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തും സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലും ചേർന്ന് നിർവഹിച്ചു. അതിരൂപത സി എൽ സി പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്, അതിരൂപത സി എൽ സി പ്രസിഡന്റ് ജോമി ജോൺസൻ, അനിമേറ്റർ സിസ്റ്റർ ജ്യോതിസ്, സെക്രട്ടറി ജെസ്വിൻ സാജു, ട്രഷർ ഐജോ പൊറത്തൂർ, വൈസ് പ്രസിഡന്റുമാരായ ഡോംസൺ സൈമൺ ,നിയ തോബിയാസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ വിനേഷ് കോളേങ്ങാടൻ , ഡിൽജോ തരകൻ, സെബിൻ സി കെ, നോബി മേനാച്ചേരി, ബ്രില്ലോ ജോയ് ,അജിത് എന്നിവർ നേതൃത്വം നൽകി

അതിരൂപത സി.എൽ.സി. ഒരുക്കുന്ന മൈ ട്രീ ചലഞ്ചിൽ വിവിധ ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ നൂറുകണക്കിന് സി എൽ സി പ്രവർത്തർ പങ്കെടുത്തു. കൂടുതൽ അംഗങ്ങൾ പങ്കെടുക്കുന്ന സി എൽ സി യൂണിറ്റിനും ഫൊറോനക്കും സമ്മാനങ്ങൾ വിതരണം ചെയ്യും.

2. **കോവിഡ് കാലത്തെ സന്നദ്ധ രക്ത ദാന പ്രവർത്തനങ്ങൾക്കു തൃശൂർ അതിരൂപത സി.എൽ.സി. ക്കു അംഗീകാരം**

കോവിഡ് കാലത്തെ സന്നദ്ധ രക്ത ദാന പ്രവർത്തനങ്ങൾ കണക്കിലെടുത്ത് തൃശൂർ അമല ഹോസ്പിറ്റൽ ഏർപ്പെടുത്തിയ അവാർഡിന് തൃശ്ശൂർ അതിരൂപത സി എൽ സി അർഹമായ വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു. തൃശ്ശൂർ അതിരൂപത സി എൽ സിക്ക് വേണ്ടി അമല ഹോസ്പിറ്റൽ അധികാരികളിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. ഈ അവാർഡിന് അതിരൂപത സി എൽ സിയെ അർഹരാക്കുന്നതിനായി സന്നദ്ധ രക്തദാനം നടത്തുകയും രക്തദാനം പ്രോൽസാഹിപ്പിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്നേഹപൂർവ്വം ഓർക്കുന്നു. ഇനിയും രക്തദാനം വഴി മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുവാൻ സാധിക്കട്ടെ എന്നു ആശംസിക്കുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി



# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

പ്രിയ സംഘടനാംഗങ്ങളേ,

ഇന്നത്തെ പ്രത്യേക സാഹചര്യം ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ. കോവിഡ് മഹാമാരി മൂലം പൊതുചടങ്ങുകളും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. വാർഷിക കർമ്മപദ്ധതി വിതരണം ചെയ്യാനാകാത്തതിൽ ഖേദമുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും ചില പ്രവർത്തനങ്ങൾ അരങ്ങേറിയെന്നത് ആശ്വാസകരം തന്നെ.

1. **മെയ് 31 : പുകയില വിരുദ്ധദിനം**

   ആഗോള പുകയില വിരുദ്ധദിനം ഏതാനും യൂണിറ്റുകൾ സമുചിതമായി ആചരിക്കുകയും ചിത്രങ്ങൾ മദ്യവിരുദ്ധ ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുകയും ചെയ്തു. വടക്കാഞ്ചേരി, കുമ്പളങ്ങാട്, കിള്ളിമംഗലം, ചേലക്കര, ഒല്ലൂർ, പാലയ്ക്കൽ, പഴുവിൽ, വലപ്പാട്, മുല്ലക്കര, മുക്കാട്ടുകര, കുരിയച്ചിറ, സരിതപുരം തുടങ്ങിയ പള്ളികളിൽ പരിപാടികൾ അരങ്ങേറി.

2. **കരിദിനം ആചരിച്ചു**

   കേരളജനതയെ കുടിപ്പിച്ചു കൊല്ലാനുള്ള സർക്കാരിന്റെ മദ്യവ്യാപാരവ്യാപനവ്യഗ്രതയെ അപലപിച്ചുകൊണ്ട് തൃശൂർ കളക്ടറേറ്റിനു മുന്നിൽ മെയ് 20 ന് പ്രതിഷേധം നടത്തി. വായിൽ കരിന്തുണി കെട്ടിയും 'കുടുംബങ്ങളെ തകർക്കരുത്' എന്നെഴുതിയ പ്ലാക്കാഡുകൾ കൈകളിലേന്തിയുമായിരുന്നു പ്രതിഷേധം. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ശ്രീ. അബ്രഹാം (സെക്രട്ടറി), ശ്രീ. ജോസ് വേലൂക്കാരൻ (ട്രഷറർ), ശ്രീ. എം.കെ. ബാബു (മുൻ പ്രസിഡണ്ട്), ശ്രീ. ജോസ് വടക്കേത്തല (പി.ആർ.ഒ.) എന്നിവരാണ് അണിനിരന്നത്.

3. **കളക്ടറേറ്റിനു മുന്നിൽ പ്രതിഷേധം**

   മദ്യവിരുദ്ധ ജനകീയമുന്നണി 25–ാം തീയതി കളക്ടറേറ്റിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി. സ്വാമി പുരുഷോത്തമാനന്ദസരസ്വതിയായിരുന്നു ഉദ്ഘാടകൻ. സി.സി. രാജൻ, പി.എൽ. ആന്റണി

തുടങ്ങിയവർ പ്രസംഗിച്ചു. മദ്യശാലകൾ തുറന്നു കൊടുത്ത് കുടുംബങ്ങൾ തകർക്കുന്ന സർക്കാർ തല മറന്ന് എണ്ണ തേയ്ക്കുകയാണ്.

4. **'രോഷാഗ്നി' തെളിയിച്ചു**

അച്ഛന്റെ മദ്യപാനം മൂലം ആത്മഹത്യ ചെയ്ത അപർണ്ണയെന്ന വിദ്യാർത്ഥിനിക്ക് പ്രണാമമർപ്പിച്ചും ഇതിനുത്തരവാദി മദ്യശാലകൾ തുറന്നു കൊടുത്ത സർക്കാരാണെന്ന് വിളിച്ചുപറഞ്ഞും മദ്യവിരുദ്ധ പ്രവർത്തകർ ജൂൺ 12–ാം തീയതി 'രോഷാഗ്നി' തെളിയിച്ചു. കേന്ദ്ര തലത്തിൽ ഡയരക്ടറച്ചൻ, ഡേവീസ് സി.പി. (പ്രസിഡണ്ട്), അബ്രഹാം (സെക്രട്ടറി), പോൾ പാലയൂർ (ഫൊറോന പ്രസിഡണ്ട്), ബ്രദർ ജെയിംസ് ങങ്ങ, ബ്രദർ സെബാസ്റ്റ്യൻ ങങ്ങ എന്നിവർ നേതൃത്വം നൽകി. കുമ്പളങ്ങാട്, വടക്കാഞ്ചേരി, കോടന്നൂർ, ചേർപ്പ്, പഴുവിൽ, മുല്ലക്കര, ഒല്ലൂർ, നെല്ലങ്കര തുടങ്ങിയ യൂണിറ്റുകളും തിരി തെളിയിച്ചു സഹകരിച്ചതിൽ സന്തോഷമുണ്ട്. നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

5. **അറിയിപ്പുകൾ**

a. മദ്യവിരുദ്ധ പ്രവർത്തകരുടെയും മദ്യപാനികളുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വാ. മാറ്റ് ടാൽബോത്തിന്റെ അനുസ്മരണം ജൂൺ 19 – നാണ്.
b. ആഗോള ലഹരി വിരുദ്ധദിനമാണ് ജൂൺ 26.
c. കോവിഡിന്റെ ഭീഷണി തീരുന്നതനുസരിച്ച് എത്രയും വേഗം സംഘടനായോഗങ്ങൾ വിളിച്ചു ചേർക്കുന്നതാണ്.

മഹാമാരിയ്ക്കെതിരെ സിവിൽ അധികാരികൾ നിർദ്ദേശിക്കുന്ന പ്രതിരോധ നടപടികളും ജാഗ്രതയും നാം പാലിക്കണം. സർക്കാരിന്റെ ലഹരി സംവർദ്ധകമായ പൈശാചിക പ്രവൃത്തികളെ ചെറുത്തുനിൽക്കാൻ മടി കാണിക്കരുത്. പേടിക്കരുത്. പ്രത്യേകം പ്രാർത്ഥിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ




തൃശ്ശൂർ അതിരൂപതയിലും അതിരൂപതക്കു പുറത്തും മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനായി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ 675/2020 കല്പനപ്രകാരം കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷൻ രൂപീകൃതമായി.

കമ്മീഷൻ അംഗങ്ങൾ

1. മാർ ടോണി നീലങ്കാവിൽ – ചെയർമാൻ
2. ഫാ. ജെയ്സൻ മാറോക്കി – സെക്രട്ടറി
3. ഫാ. വർഗ്ഗീസ് കൂത്തൂർ – ട്രഷറർ
4. ഫാ. മേജോ മരോട്ടിക്കൽ – അംഗം
5. സി. ലിവിയ UMI – അംഗം
6. സി. മേബിൾ CHF – അംഗം
7. സി. ആൻ ദീപ്തി – അംഗം
8. ശ്രീ. സീറ്റ്‌ലി ജോർജ്ജ് – അംഗം

കമ്മീഷന്റെ ആദ്യയോഗം 2020 ജൂൺ 4ന് നടന്നു. യോഗത്തിൽ ഈ കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് ആർച്ച്ബിഷപ് സംസാരിച്ചു. ചെയർമാൻ മാർ ടോണി നീലങ്കാവിൽ മിഷനെ കുറിച്ച് അവബോധം നൽകി. മിഷനുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന അതിരൂപതാ കേന്ദ്രത്തിൽ തുടങ്ങുവാനുള്ള നിർദ്ദേശമുണ്ടായി. മറ്റു മതങ്ങളിൽ നിന്ന് കത്തോലിക്കസഭയിലേക്ക് വരുന്നവരുടെ പരിശീലനത്തെ കുറിച്ച് ചർച്ച ചെയ്തു. വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട് കുട്ടികളിൽ മിഷൻ അവബോധം വളർത്താനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു. ചർച്ചകൾക്കും പരിചയപ്പെടുത്തലിനും ശേഷം ആദ്യമീറ്റിംഗ് സമാപിച്ചു.

**ഫാ. ജെയ്സൻ മാറോക്കി**
സെക്രട്ടറി

**മാർ ടോണി നീലങ്കാവിൽ**
ചെയർമാൻ



**വി. അൽഫോൻസ**

(ജൂലൈ 28)

ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമേ.

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2020
**July- 2020**



**അഭിവന്ദ്യ മാർ ജേക്കബ്**
**തൂങ്കുഴി പിതാവിന്**
## തിരുനാളാശംസകൾ
ജൂലൈ 25

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor